

കളിപ്പെട്ടിയിലെ
അക്ഷരക്കൂട്ട്



# സെന്റ് പോൾസ്
# ഹൈസ്കൂൾ മുത്തോലപുരം

ഡിജിറ്റൽ മാഗസിൻ

## ഉള്ളടക്കം


ആശംസ......6
എഡിറ്റോറിയൽ......7
ആശംസ......8
സ്കൂൾ ചരിത്രം......9
പ്ലാസ്റ്റിക് വില്ലനാകുമ്പോൾ......12
ബാഷ്പ സമുദ്രമാണീ നൊമ്പരം......14
പരിദേവനങ്ങൾ, നിലപാടുകൾ......15
ദിവ്യദൗത്യം......19
പ്രകൃതി നേരിടുന്ന വെല്ലുവിളികൾ......21
സ്വർഗ്ഗീയ മദ്ധ്യസ്ഥൻ......22
വിദ്യാഭ്യാസം......24
ലിറ്റിൽ കൈറ്റ്സ്......25
ഇനി വെറും ഓർമ്മ......26
പ്രകൃതിയും മനുഷ്യനും......27
ഓർമ്മകളിലൂടെ ഒരു യാത്ര......29
......29
മാപ്പ്......31
ജനറൽ ക്വിസ്......32
ഭയം......33
മൂവായി തായി......34
സഹോദരസ്നേഹം......35
......36
യാത്രാവിവരണം......36
എഴുത്തുകാരെ അറിയുക......38
കൈതാങ്ങ്......39
......39
കടം കഥകൾ......40
കേരളീയ കലാരൂപങ്ങൾ......41
......41
പ്രകൃതി തൻ രോഷം......43
നോവലും സമൂഹവും......44
......44
വളരണം, പുതിയൊരു കാർഷിക സംസ്കാരം......46

..........46
എന്റെ ഗുരുനാഥൻ..........48
പഴയകാല പദങ്ങൾ..........49
കുസൃതി ചോദ്യങ്ങൾ..........50
പായുന്ന യുഗവും തേങ്ങുന്ന ഹൃദയങ്ങളും..........51
സൗന്ദര്യ വർണന..........52
വിദുരജനനത്തിനു കാരണം..........53
നനഞ്ഞ മണ്ണിന്റെ ഗന്ധം..........54
നാടൻ കലകൾ..........55
കഴുതകൾ..........56
കുറിഞ്ഞിപൂച്ച..........57
വീണ്ടുമൊരു യാത്ര..........58
ഗ്രീറ്റിംഗ്സ്..........59
ഇലക്കൊട്ടാരം..........60
മന്ത്രിയുടെ ബുദ്ധി..........61
വേനൽ മഴ..........62
റിപ്പബ്ലിക് ദിനം ( ജനുവരി 26 )..........63
മഹാന്മാരുടെ മൊഴികളിലൂടെ..........64
രാജസേവകൻ..........65
..........65
ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലൂടെ ..........66
കൃതജ്ഞതാ പൂർവ്വം ..........82

# ആശംസ



സി. മരിയറ്റ് ചെറിയാൻ

കേരളത്തിന്റെ വിദ്യാഭ്യാസമേഖല വലിയൊരു മുന്നേറ്റത്തിന്റെ പാതയിലാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തലാണ് നമ്മുടെ പ്രധാനലക്ഷ്യം. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തി അന്തർദേശിയ നിലവാരത്തിൽ എത്തിക്കുക എന്നത് കേരള സർക്കാർ നടപ്പാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്. ഇന്നിന്റെ വെല്ലുവിളികളെ അതിജീവിച്ച് മുന്നേറാൻ സാഹചര്യങ്ങൾ ഒരുക്കണം. സമൂഹത്തിന്റെയും സർക്കാരിന്റെയും പിന്തുണയോടുള്ള ഒരു മുന്നേറ്റം ഇന്ന് ഏറെ അനിവാര്യമാണ്. ആധുനിക സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തികൊണ്ട് മുത്തോലപുരം സെന്റ് പോൾസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ മാറ്റത്തിന്റെ മന്ത്രധ്വനി ഉയർത്തി കഴിഞ്ഞു. ഹൈടെക് ക്ലാസ് മുറികളിലെ പഠനത്തോടൊപ്പം ഒരു ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ അവർ കുറഞ്ഞ കാലയളവിനുള്ളിൽ രൂപപ്പെടുത്തി കഴിഞ്ഞു. ഒരുവനിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ പുറത്തെടുത്ത് തേച്ചുമിനുക്കുമ്പോൾ അത് എല്ലാവർക്കും ഒരു പ്രചോദനമായി മാറുന്നു. പരിസരബന്ധിയും ജീവിതഗന്ധിയും ആയി മാറുന്ന പഠനം ജീവിതവിജയത്തിലേക്കുള്ള ഏടുകൾ തുറക്കും. ഈ ഡിജിറ്റൽ മാഗസിൻ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട എല്ലാ കൊച്ചുകൈറ്റ്സിനും കൈറ്റ് മിസ്ട്രസുമാർക്കും അധ്യാപകർക്കും എന്റെ അഭിനന്ദനങ്ങൾ നേരുന്നു.

ആശംസകളോടെ
നിങ്ങളുടെ സ്വന്തം ഹെഡ്മിസ്ട്രസ്
സി. മരിയറ്റ് ചെറിയാൻ

# എഡിറ്റോറിയൽ



**ജിയ ക്ലയർ ജോജി**

അറിവിന്റെ  പ്രകാശം പരത്താനായി ഞങ്ങളിതാ ....................
അക്ഷരത്തുള്ളികൾ എങ്ങും വിതറാൻ..........
എവിടെയും അറിവിന്റെ പച്ചപ്പ് പരത്താൻ..........
ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് എത്തുകയായി.......

ഭാവിയുടെ വാഗ്ദാനങ്ങളായ ഒരു കൂട്ടം പട്ടങ്ങൾ തങ്ങളുടെ വിജ്ഞാന ശകലങ്ങൾ പങ്കുവെക്കുന്നു. കളിപ്പെട്ടിയിലെ ഏതാനും അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അറിവിന്റെ മായാജാലം ഞങ്ങൾ തുറക്കട്ടെ. വിദ്യാഭ്യാസയജ്ഞത്തിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിയ ലിറ്റിൽ കൈറ്റ്സ് എന്ന ഈ സംരംഭത്തിലൂടെ ഞങ്ങളുടെ ഭാവനാലോകത്തിന്റെ യവനിക ഉയരുകയായി. സാങ്കേതിക വിദ്യയുടെ  ചവിട്ടു പടികൾ കയറി മലയാളം ടൈപ്പിംഗ് അനായാസം കൈക്കലാക്കി അതിലൂടെ വികസിപ്പിച്ചെടുത്ത ' കളിപ്പെട്ടിയിലെ അക്ഷരക്കൂട്ട് ' ജീവിതത്തിൽ നടന്നതും നടക്കാത്തതുമായ സുവർണ്ണ നിമിഷങ്ങളെ ഞങ്ങളുടെ സൃഷ്ടികളാക്കി ഈ മാസികയിലൂടെ ലിറ്റിൽ കൈറ്റ്സ് അവതരിപ്പിക്കുന്നു. പാഠപുസ്തകത്തിനപ്പുറമുള്ള അറിവുകൾ ശേഖരിക്കാൻ, ഈ മാസിക നിങ്ങളെ സഹായിക്കട്ടെ.

എന്ന്,

നിങ്ങളുടെ സ്വന്തം എഡിറ്റർ
ജിയ ക്ലയർ ജോജി



## ആശംസ



സി. ലീന ജോർജ്

പ്രിയ കൂട്ടുകാരെ,

എന്തും ക്ഷണനേരം കൊണ്ട് തുപ്പിക്കളയുന്ന ഉമിനീരായി കാണുന്നവരും, കായിന്റെ പേരിൽ മാത്രം പൂവിന്റെ  സൗന്ദര്യത്തെ മതിക്കുന്നവരും, പ്രയോജനമുള്ളതിനുമാത്രം മൂല്യം നൽകുകയും , പുണ്യം കല്പിക്കുകയും, വാനോളം പുകഴ്ത്തുന്നവരും അടങ്ങിയ ക്ഷണികസുന്ദരമായ ഈ ഭൂമിയിലെ ജീവിതം പരക്കം പാച്ചിലിന്റെയും സംഘർഷത്തിന്റേയും നിമിഷങ്ങളാവുകയാണ്.

“ചിറകുകളിൽ സംഗീതമുള്ള കളഹംസമേ
അടിയനിൽ ചിറകിന്റെയൊരു തൂവൽ തുമ്പി-
ലൊരുമാത്രമെങ്കിലും ഒരു മാത്രമെങ്കിലും
ഞാൻ വാഴ്മെന്ന മധുരമാം സത്യം ജയിക്കട്ടെ”

എന്ന് 'ഭൂമിക്കൊരു ചരമഗീതത്തിൽ' ഒ.എൻ.വി. പാടിയതുപോലെ ഈ ക്ഷണിക ജീവിതത്തെ സംഘർഷാത്മകമാക്കാതെ ശാന്തമായി നമ്മുടെ ദേശത്തിന്റെ പെരുമയും കലാപാരമ്പര്യവുമെല്ലാം കാത്തുസൂക്ഷിച്ച് മുന്നോട്ട് ചുവടുവയ്ക്കാം എന്ന്......



# സ്കൂൾ ചരിത്രം

**ഡോണി ജോൺ ജോയി**

കുര്യാളശ്ശേരി പിതാവ് സ്ഥാപിച്ച ദിവ്യകാരുണ്യ ആരാധനാ സഭയുടെ പാലാ രൂപതയിലെ ആദ്യ ഭവനം 1919 ജൂലൈ 16-ന് മുത്തോലപുരത്ത് ആരംഭിച്ചു. 1920-ൽ ഒരു പ്രൈമറി സ്കൂൾ മഠം വക കെട്ടിടത്തിൽ തുടങ്ങി. നല്ലവരായ ഇടവകക്കാരുടെയും ബഹുമാനപ്പെട്ട പള്ളിക്കാപ്പറമ്പിൽ പൗലോസ് അച്ചന്റേയും പരിശ്രമഫലമായി പ്രൈമറി സ്കൂൾ കെട്ടിടം പുതുതായി പണികഴിപ്പിച്ചു. അദ്ധ്യാത്മികതയിൽ വേരൂന്നിയ മൂല്യങ്ങളിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തോടൊപ്പം പാചകവൃത്തി, തയ്യൽ, സംഗീതം, ആദിയായ ലോകോപകാരപ്രദങ്ങളായ വേലകളിലും ശുചിത്വം കൃത്യനിഷ്ഠ, മര്യാദ ആദിയായ സ്വഭാവ ഗുണങ്ങളിലും കുട്ടികൾക്ക് പരിശീലനം നൽകണമെന്ന് അഭിവന്ദ്യ കുര്യാളശ്ശേരി പിതാവ് നിഷ്കർഷിച്ചിരിക്കുന്നു. 1938-ൽ ഇതൊരു മലയാളം മിഡിൽ സ്കൂളായി ഉയർത്തപ്പെട്ടു. 1949-ലാണ് മുത്തോലപുരത്തെ ഹൈസ്കൂളിന് വേണ്ടി ശ്രമങ്ങൾ ആരംഭിച്ചത്.

കുര്യാളശ്ശേരി പിതാവ് സ്ഥാപിച്ച ദിവ്യകാരുണ്യ ആരാധനാസഭയുടെ പാലാ രൂപതയിലെ ആദ്യ ഭവനം 1919 ജൂലൈ 16-ന് മുത്തോലപുരത്ത് ആരംഭിച്ച 1920- ൽ ഒരു പ്രമറി സ്കൂൾ മഠം വക കെട്ടിടത്തിൽ തുടങ്ങി. നല്ലവരായ ഇടവകക്കാരുടെയും ബഹുമാനപ്പെട്ട പള്ളിക്കാപ്പറമ്പിൽ പൗലോസ് അച്ചന്റേയും പരിശ്രമഫലമായി പ്രൈമറി സ്കൂൾ കെട്ടിടം പുതുതായി പണികഴിപ്പിച്ചു. അദ്ധ്യാത്മികതയിൽ വേരൂന്നിയ മൂല്യങ്ങളിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തോടൊപ്പം പാചകവൃത്തി, തയ്യൽ, സംഗീതം, ആദിയായ ലോകോപകാരപ്രദങ്ങളായ വേലകളിലും ശുചിത്വം കൃത്യനിഷ്ഠ, മര്യാദ ആദിയായ സ്വഭാവ ഗുണങ്ങളിലും കുട്ടികൾക്ക് പരിശീലനം നൽകണമെന്ന് അഭിവന്ദ്യ കുര്യാളശ്ശേരി പിതാവ് നിഷ്കർഷിച്ചിരിക്കുന്നു. 1938-ൽ ഇതൊരു മലയാളം മിഡിൽ

സ്കൂളായി ഉയർത്തപ്പെട്ടു. 1949-ലാണ് മുത്തോലപുരത്തെ ഹൈസ്കൂളിന് വേണ്ടി ശ്രമങ്ങൾ ആരംഭിച്ചത്. യു.പി. ഹെഡ്മിസ്ട്രസായിരുന്ന സി. വിയാനിയുംസഹപ്രവർത്തകരും യോഗപ്രതിനിധികളും സ്കൂൾ മാനേജരോട് സഹകരിച്ച പ്രവർത്തിച്ചതിന്റെ ഫലമായി 1950 ജൂൺ 5-ന് ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഹൈസ്കൂളിന് അംഗീകാരം ലഭിച്ചെങ്കിലും സ്കൂൾ കെട്ടിടം ഉണ്ടായിരുന്നില്ല.ഹൈസ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബഹു. മുരിക്കൻ കുര്യച്ചനും അഞ്ചു പേരടങ്ങുന്ന ഒരു കമ്മറ്റിയെ പള്ളിയോഗം തിരഞ്ഞെടുത്തു. 1951 ഒകടോബർ 11-ന് നാട്ടുകാരുടെ സാന്നിധ്യത്തിൽ ബഹു. മുരിക്കൻ കുര്യച്ചൻ ഹൈസ്കൂൾ കെട്ടിടം വെഞ്ചരിച്ചു.

അറിവിന്റെ പൊൻവെളിച്ചം അനേകർക്കായി പകർന്നു നൽകിയ സെന്റ് പോൾസ് ഹൈസ്കൂൾ ഈ നാടിന്റെ കെടാവിളക്കും തിലകക്കുറിയുമാണ്. സാധുക്കളും സാധാരണക്കാരുമായ ജനങ്ങളുടെ ആശാകേന്ദ്രമായ സെന്റ് പോൾസ് കഴിഞ്ഞ 67 വർഷമായി നേട്ടങ്ങളുടെ വിജയഗാഥ വിരചിച്ചുകൊണ്ട് മുന്നേറുകയാണ്. പാലാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. 2004-ൽ മുതൽ സെന്റ് പോൾസ് ഗേൾസ് ഹൈസ്കൂൾ എന്നത് ആൺകുട്ടികളെയും ഉൾപ്പെടുത്തതി സെന്റ് പോൾസ് ഹൈസ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നു. പ്രൈമറി സ്കൂൾ സ്ഥാപനത്തിന് നേതൃത്വം നൽകിയത് ബഹുമാനപ്പെട്ട പള്ളിക്കാപ്പറമ്പിൽ പൗലോസച്ചനും ഹൈസ്കൂൾ ആരംഭിക്കുന്നതിന് നേതൃത്വം നൽകിയത് ബഹുമാനപ്പെട്ട മുരിക്കൻ കുര്യച്ചനുമാണ്. വിദ്യാർത്ഥികളുടെ ആദ്ധ്യാത്മികവും, ബൗദ്ധികവും, കലാപരവുമായ വളർച്ച ലക്ഷ്യമാക്കി ഈ വിദ്യാലയം പ്രവർത്തിക്കുന്നു. എസ്.എസ്.എൽ.സി പരീക്ഷയിൽ തുടർച്ചയായി 100% വിജയം നേടുന്നതോടൊപ്പം ഫുൾ A+ ന്റെ എണ്ണവും വർഷം തോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നത് അഭിമാനകരമാണ്. സ്കൂളിനോടനുബന്ധിച്ച് അഞ്ചു മുതൽ പത്ത് വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി ബോർഡിങ്ങും പ്രവർത്തിച്ചു വരുന്നു. സ്കൂളിന്റെ മദ്ധ്യസ്ഥനായ വി. പൗലോസ് ശ്ലീഹായുടെ അനുഗ്രഹവും, മാനേജ്മെന്റിന്റെയും, പി.ടി.യുടെയും സഹകരണവും സ്കൂൾ പ്രവർത്ത നങ്ങളെ സജീവമാക്കുന്നു. യു.പി.സ്കൂൾ ഹെഡ്മിസ്ട്രസായിരുന്ന സി. വിയാനിയും സഹപ്രവർത്തകരും യോഗപ്രതിനിധികളും സ്കൂൾ മാനേജരോട് സഹകരിച്ചു പ്രവർത്തിച്ചതിന്റെ ഫലമായി 1950 -ജൂൺ 5-ന് ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഹൈസ്കൂളിന് അംഗീകാരം ലഭിച്ചെങ്കിലും സ്കൂൾ കെട്ടിടം ഉണ്ടായിരുന്നില്ല. ഹൈസ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബഹു. മുരിക്കൻ കുര്യച്ചന്റെ നേതൃത്വത്തിൽ അഞ്ചു പേരടങ്ങുന്ന ഒരു കമ്മറ്റിയെ പള്ളിയോഗം തിരഞ്ഞെടുത്തു. 1951 ഒകടോബർ 11-ന് നാട്ടുകാരുടെ സാന്നിധ്യത്തിൽ ബഹു. മുരിക്കൻ കുര്യച്ചൻ ഹൈസ്കൂൾ കെട്ടിടം വെഞ്ചരിച്ചു.

അറിവിന്റെ പൊൻവെളിച്ചം അനേകർക്കായി പകർന്നു നൽകിയ സെന്റ്

പോൾസ് ഹൈസ്കൂൾ ഈ നാടിന്റ കെടാവിളക്കും തിലക ക്കുറിയുമാണ്. സാധുക്കളും സാധാരണക്കാരുമായ ജനങ്ങളുടെ ആശാകേന്ദ്രമായ സെന്റ് പോൾസ് കഴിഞ്ഞ 67 വർഷമായി നേട്ടങ്ങളുടെ വിജയഗാഥ വിരചിച്ചുകൊണ്ട് മുന്നേറുകയാണ്. പാലാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. 2004 മുതൽ സെന്റ് പോൾസ് ഗേൾസ് ഹൈസ്കൂൾ എന്നത് ആൺകുട്ടികളെയും ഉൾപ്പെടുത്തതി സെന്റ് പോൾസ് ഹൈസ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നു. പ്രൈമറി സ്കൂൾ സ്ഥാപനത്തിന് നേതൃത്വം നൽകിയത് ബഹുമാനപ്പെട്ട പള്ളിക്കാപ്പറമ്പിൽ പൗലോസച്ചനും ഹൈസ്കൂൾ ആരംഭിക്കുന്നതിന് നേത്രത്വം നൽകിയത് ബഹുമാനപ്പെട്ട മുരിക്കൻ കുര്യച്ചനുമാണ്. വിദ്യാർത്ഥികളുടെ ആദ്ധ്യാത്മികവും, ബൗദ്ധികവും, കലാപരവുമായ വളർച്ച. ലക്ഷ്യമാക്കി ഈ വിദ്യാലയം പ്രവർത്തിക്കുന്നു. എസ്.എസ്.എൽ.സി പരീക്ഷയിൽ തുടർച്ചയായി 100% വിജയം നേടുന്നതോടൊപ്പം ഫുൾ A+ ന്റെ എണ്ണവും വർഷം തോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സ്കൂളിനോട് അനുബന്ധിച്ച് അഞ്ചു മുതൽ പത്ത് വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി ബോർഡിങ്ങും പ്രവർത്തിച്ചു വരുന്നു. സ്കൂളിന്റെ മദ്ധ്യസ്ഥനായ വി.പൗലോസ് ശ്ലീഹായുടെ അനുഗ്രഹവും, മാനേജ്മെന്റിന്റെയും, പി.ടി.എ യുടെയും സഹകരണവും സ്കൂൾ പ്രവർത്തനങ്ങളെ സജീവമാക്കുന്നു.



ഷൈനി പോൾ

# പ്ലാസ്റ്റിക് വില്ലനാകുമ്പോൾ

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ കണ്ടുപിടിക്കപ്പെട്ട പ്ലാസ്റ്റിക് ഇന്ന് സർവ്വമേഖലയിലും അനിവാര്യ ഘടകമായിരിക്കുന്നു. അലക്ഷ്യമായി കൈകാര്യം ചെയ്യുന്ന പൊളിത്തീൻ ക്യാരിബാഗുകൾ മുതൽ ജീവൻ രക്ഷിക്കുന്ന കൃത്രിമഹൃദയവാൽവ് വരെ പ്ലാസ്റ്റിക്കിന്റെ പല വകഭേദങ്ങൾ മാത്രമാണ്. അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് കൂടുകളും കുപ്പികളും തുടങ്ങി ഇലക്ട്രോണിക് മാലിന്യങ്ങളിൽ അടങ്ങിയിയിരിക്കുന്ന പ്ലാസ്റ്റിക്കുകൾ വരെ പരിസ്ഥിതിയെ മലിനമാക്കികൊണ്ടിരിക്കുന്നു.

കണ്ടുപിടിക്കപ്പെട്ട കാലത്ത് അത്ഭുത വസ്തു എന്ന് വാഴ്ത്തപ്പെട്ട പ്ലാസ്റ്റിക് പരിസ്ഥിതിയുടെയും ആവാസവ്യവസ്ഥയുടെയും താളം തെറ്റിച്ച് ഭൂമിയെ കൊണ്ടുചെന്നെത്തിക്കുന്നത് ആത്മഹത്യ മുനമ്പിലേക്കാണ്. പ്ലാസ്റ്റിക്കുകൾ മണ്ണിലെ വായുസഞ്ചാരവും മണ്ണിന്റെ ജലസംഭരണശേഷിയും കുറയ്ക്കും. സൂഷ്മജീവികളുടെ വളർച്ച മുതൽ സസ്യവളർച്ചയെ വരെ അത് പ്രതികൂലമായി ബാധിക്കും. നാം ചുറ്റുപാടും വലിച്ചെറിയുന്ന പ്ലാസ്റ്റിക് വസ്തുക്കളിൽ കെട്ടുകിടക്കുന്ന വെള്ളം കൊതുകുകൾക്കും രോഗാണുക്കൾക്കും വളരാനുള്ള അനുകൂല സാഹചര്യം കൂടി ഒരുക്കി കൊടുക്കുന്നു.

വീട്ടിലുപയോഗിക്കുന്ന പ്ലാസ്റ്റിക് ഉപകരണങ്ങളുടെ കണക്കെടുത്താൽ പേനയും ടൂത്ത് ബ്രഷും മുതൽ കംപ്യൂട്ടറിൽ വരെയുണ്ട് പ്ലാസ്റ്റിക്കിന്റെ സാന്നിധ്യം. എന്തും ഉപയോഗശേഷം വലിച്ചെറിയുന്ന ശീലമുള്ള നമ്മൾ പ്ലാസ്റ്റിക്കിന്റെ കാര്യത്തിലും അതു തന്നെ ചെയ്യുന്നു. അപ്പൂപ്പൻതാടി പോലെ പറന്നു നടക്കുന്ന പ്ലാസ്റ്റിക് സഞ്ചികളും ജലാശയത്തിൽ ഒഴുകി നടക്കുന്ന പ്ലാസ്റ്റിക് കുപ്പികളും നമ്മുടെ വലിച്ചെറിയൽ സംസ്കാരത്തിന്റെ ബാക്കി പത്രം തന്നെ. മണ്ണ് മാത്രമല്ല ലോകമെങ്ങുമുള്ള സമുദ്രങ്ങൾ പ്ലാസ്റ്റിക്കിന്റെ കുപ്പത്തൊട്ടിയായി

മാറിക്കഴിഞ്ഞിരിക്കുന്നു. ഗ്രീൻപീസ് പ്രവർത്തകർ പസിഫിക് സമുദ്രത്തിലൂടെ സഞ്ചരിച്ച് നടത്തിയ പഠനങ്ങൾ നല്കുന്ന വിവരങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. അനേകം ജലജീവികൾ മലിനീകരണത്തിന്റെ ഭീഷണിയിലാണ് .

നിർമാണത്തിലും ഉപയോഗത്തിലും പ്ലാസ്റ്റിക് പെട്ടെന്ന് വഴങ്ങുമെങ്കിലും ഉപയോഗ കാലശേഷം പ്രകൃതിയോട് ഇണങ്ങാൻ മടിക്കും. പരിസ്ഥിതി സൗഹൃദ ജൈവ പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കുകയെന്നതാണ് ഭൂമിയെ രക്ഷിക്കാനുള്ള ഏക വഴി. പ്ലാസ്റ്റിക് പുനഃചംക്രമണത്തിന് സുരക്ഷിതമായ മാർഗങ്ങൾ ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. തുണിസഞ്ചിയും കടലാസ്ബാഗുകളും ഉപയോഗിക്കുന്നതിൽ താൽപര്യം കാണിക്കുക, സ്കൂളുകൾ പ്ലാസ്റ്റിക് വിമുക്തമാക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക എന്നിവയെല്ലാം പ്രകൃതിയെ വരും തലമുറയ്ക്കായി കാത്തുസൂക്ഷിക്കാൻ നമ്മെ സഹായിക്കുന്നു.

പ്ലാസ്റ്റിക് മാലിന്യത്താൽ മൂടപ്പെട്ടുകൊണ്ടിരിക്കുന്ന ഭൂമിയെ ഓർത്ത് കവി പി. കുഞ്ഞിരാമൻ നായരുടെ പാരിസ്ഥിതിക നിരീക്ഷണം ഇങ്ങനെ

"ഊർച്ച കമ്പനിയായി മാറി
ഋഷി വാണ തപോവനം
പൊങ്ങി പെറ്റമ്മ തൻ സ്ഥാനത്തൊരു പ്ലാസ്റ്റിക് സുന്ദരി"

# ബാഷ്പ സമുദ്രമാണീ നൊമ്പരം



ആദിത്യ മനോജ്

വിരഹമാം ദുഃഖത്തെ
വിങ്ങലൊടിന്നു ഞാൻ
സ്മരണയിൽ പുണരുന്നു
എന്നുമെന്നും.....

വിഷാധമാം മനസ്സിനെ
തളരാതെ തകരാതെ
ഓർമ്മയിൽ ഞാനെന്നും
അന്തരംഗം.....

മന്ദസ്മിതത്തൊടെ
മാരിവിൽ ചിറകോടെ
അങ്ങകലെക്കായ്
പറന്നകന്നു നീ.....

എവിടെയക്കു നീയിന്നു
യാത്രയാകുന്നുവോ
മരണമാം ദേവത നിന്നെ
വിളിച്ചപോൽ.....

എങ്ങു നീ പോയാലും
എവിടെ മറഞ്ഞാലും
മാരിവിൽ നിറമോടെ
മന്ദസ്മിതത്തോടെ
നീയെന്റെ മനസ്സിൽ
നിറഞ്ഞു നിൽക്കും.....

# പരിദേവനങ്ങൾ, നിലപാടുകൾ



**ജെസ്ന മാണി**

"മമ്മീ,....മമ്മീ, എന്റെ നെയിൽ പോളിഷ് കണ്ടോ?"

"എന്താ റോസ് ഇങ്ങനെ ഒച്ചയിടുന്നത്! ആ മേശയിൽ നോക്കു. ഞാനീ റിയാലിറ്റിഷോയൊന്നു കണ്ടോട്ടെ. വളരെ നാൾകൂടി ഒരു ദിവസം ലീവ് കിട്ടിയാ."

"ഓ കിട്ടി..... കിട്ടി..... മമ്മീ, ഇന്നെന്താ ബ്രേക്ക് ഫാസ്റ്റിന്?"

"പിന്നേം തുടങ്ങി! നീയാ സെർവന്റിനോടു ചോദിക്ക്"

"മീനാക്ഷി ഇന്നെന്താ......?"

"ന്യൂഡിൽസാണ മോളേ"

"അയ്യോ ഇന്നും ന്യൂഡിൽസോ! എനിക്കു വേണ്ട. ഫ്രിഡ്ജിലിരിക്കുന്ന ആ പപ്പ്സെടുത്തു തരു. പിന്നെ....... പാലിൽ ബൂസ്റ്റ് കലക്കാൻ മറക്കണ്ട."

ബ്രേക്ക്ഫാസ്റ്റ് കഴിഞ്ഞ് സ്കൂൾബാഗുമെടുത്ത് തോളിലിടുകയായിരുന്നു റോസ് അപ്പോഴാണ് വല്യപ്പന്റെ വിളി.

"മോളൂട്ട്യേ, ഒന്നിങ്ങട് വന്നേടി. കണ്ണിലൊഴിക്കുണ ആ മരുന്നിങ്ങെടുത്തെ."

"എന്താ ഗ്രാൻപാ ഇത്. ഗ്രാൻമയോട് പറയൂ. ഓ, സ്കൂൾ ബസ് വന്നെന്നു തോന്നുന്നു. മമ്മീ അയാം ഗോയിങ്."

"ഓക്കെ ഡാർലിങ്."

"പ്രിയമോളേ ഒന്നിങ്ങുവന്നേ."

"എന്താ പപ്പയിത് ടിവി കാണാൻ പോലും സമ്മതിക്കില്ലയെന്നുവെച്ചാൽ! മീനാക്ഷി, പപ്പയുടെ അടുത്തേക്ക് ചെല്ലു."

"ശരി മാഡം."

മീനാക്ഷി, അപ്പാപ്പനും അമ്മാമ്മയ്ക്കുമുള്ള കഞ്ഞി എടുത്തുകൊണ്ടു ചെന്നു.

"മോള് കണ്ണിലൊഴിക്കണ ആ മരുന്നിങ്ങെടുത്തെ."

"എടുക്കാം അപ്പാപ്പാ ആദ്യം കഞ്ഞികടിക്ക്."

"ശരി മോളേ കഞ്ഞി അവിടെ വച്ചേക്കു. മരുന്നു കൂടി എടുത്തു വയ്ക്കണം. പിന്നെ ഇങ്ങോട്ട് വരണ്ടല്ലോ."

"ശരി."

"പ്രിയാ.....പ്രിയ,"

"തുടങ്ങി അടുത്തയാള്. എന്താ പ്രേം ഇത്! ഒരു ദിവസത്തേക്ക് ഞാനൊന്ന്

സമാധാനമായി ഇരുന്നോട്ടെ."
"ഓക്കെ....ഓക്കെ.... എനിക്ക് ഓഫീസിൽ പോകാൻ ടൈമായി. മീനാക്ഷിയോട് ബ്രേക്ക്ഫാസ്റ്റ് എടുത്ത് വയ്ക്കാൻ പറയ്."
"ശരി, ശരി."
പ്രിയയുടെ ഭർത്താവാണ് പ്രേം. അപ്പനിട്ട പേര് തോമസുകുട്ടി എന്നാണ്. അതൊരു പഴഞ്ചൻ പേരാണെന്ന് തോന്നിയപ്പോൾ പ്രേം എന്നാക്കി. പ്രേമും പ്രിയയും എഞ്ചിനീയർമാരാണ്. മകൾ റോസ് പ്ലസ്ടുവിന് പഠിക്കുന്നു. എറണാകുളത്ത് ഫ്ളാറ്റിലാണീ കുടുംബത്തിന്റെ താമസം. പ്രേം ബ്രേക്ക് ഫാസ്റ്റ് കഴിച്ച് ഓഫിസിൽ പോകുവാനൊരുങ്ങി.

"ബൈ പ്രിയ."
"ഓക്കെ ഡാർലിങ്."

പ്രേം ഇറങ്ങിയതേയുള്ളൂ. പ്രിയയുടെ ഫ്രണ്ട് ലിസി സിറ്റൗട്ടിൽ എത്തിക്കഴിഞ്ഞു. പ്രിയ ടി.വി ഓഫ് ചെയ്തു.

"ഇന്ന് ലീവ് എടുത്തുവല്ലേ." ലിസി ചോദിച്ചു.
"അതേ ലിസി. എന്നും വർക്ക് ചെയ്ത് മടുത്തു. ഇടയ്ക്കൊരു ചെയ്ഞ്ച് വേണ്ടേ. പിന്നെ എന്തൊക്കെയുണ്ട് വിശേഷങ്ങൾ."
അപ്പോഴാണ് അപ്പൂപ്പനും അമ്മാമ്മയും അങ്ങോട്ടെത്തി നോക്കിയത്.

"അല്ല നിന്റെ ഫാദർ ഇൻലോയും മദർ ഇൻലോയും പോയില്ലേ!" ലിസി സ്വരം താഴ്ത്തി ചോദിച്ചു.

"ഇല്ല ലിസി." സ്വരം താഴ്ത്തിതന്നെയാണ് പ്രിയയും പറഞ്ഞത്.
"ഹസ്സിന്റെ ബ്രദർ ഇവരെ കൊണ്ടുപോകുമെന്ന് പറഞ്ഞിട്ട്.......?"
ഒന്നും പറയണ്ട, കൊണ്ടുപോകും കൊണ്ടുപോകാമെന്ന് കുറെ നാളായി കേൾക്കുന്നു. ഇപ്പോൾ അവർ പറയണത് ചെന്നൈയിലെ ജോലി സ്ഥിരപ്പെട്ടിട്ടാണോ? പക്ഷെ അവർക്ക് അങ്ങോട്ട് പോവണ്ടാത്രേ... എനിക്കു വയ്യ. ഇവരെ നോക്കാൻ ഒരാഴ്ചകൂടികാക്കും ജോസ് വന്നില്ലെങ്കിൽ വല്ല വൃദ്ധസദനത്തിലും കൊണ്ടാക്കും. അല്ല പിന്നെ!

"അതു തന്നെയാ നല്ലത് പ്രിയേ... ഗുഡ് ഡിസിഷൻ.
പിന്നെ ഞാനൊരു നെക്ളേസ് വാങ്ങിയ കാര്യം പറഞ്ഞില്ലല്ലോ. ഹസ്സ് വിവാഹ ജൂബിലിക്ക് ഗിഫ്റ്റ് തന്നതാ. ശനിയാഴ്ച ഡിന്നർ പാർട്ടിക്ക് ഇട്ടോണ്ടു വരാം"

"ഓ പറഞ്ഞു നിന്ന സമയം പോയി. ഷോപ്പിങ്ങിനിറങ്ങയതാ. പാർട്ടിക്കുള്ള സാരിവാങ്ങണം. അപ്പോ, ശരി."

"ജ്യൂസ് കുടിച്ചിട്ടു പോകാം."

"വേണ്ട നേരം പോയി ശനിയാഴ്ച കാണാം."

"ഓക്കെ ബൈ ലിസി."

ലിസിപോയപാടെ പ്രിയ വാതിലടച്ച് കുറ്റിയിട്ടു. നേരെ സോഫയിൽ ചെന്നിരുന്നു. പാർട്ടിക്ക് കഴിഞ്ഞ മാസമെടുത്ത സാരി പോരാ. അത് ഒരു തവണ ഉടുത്തതാണ്. പുതിയതൊന്നു വാങ്ങണം. ഒരു നെക്‌ളേസും വാങ്ങണം. ടി.വി ഓൺ ചെയ്തു.

"മോളേ പ്രിയേ..........." ഫാദർ ഇൻലോ വിളിച്ചു.

"എന്താ നിങ്ങൾക്ക് വേണ്ടത്.?"

"മോളേ ജോസ് വിളിച്ചായിരുന്നോ?" "ഇല്ലപ്പാ."

"ഓ, എന്താ ഒരന്വേഷണം! വന്ന് കൊണ്ടോവൂന്ന് പറഞ്ഞിട്ട് ഇതുവരെ അവന്റെ പൊടിപോലും കണ്ടില്ലല്ലോ. ഒരു ജോസ്സ്!"

അന്നു വൈകുന്നേരം പ്രിയ പതിവില്ലാതെ പ്രേമിനെ പ്രതിക്ഷിജെസ്സ മാണിച്ചിരുന്നു. പക്ഷെ അദ്ദേഹത്തിന് ഡ്യൂട്ടികഴിഞ്ഞ് ഒരു കോൺഫ്രൻസ് ഉണ്ടായിരുന്നു. രാത്രി വൈകിയാണ് എത്തിയത്.

"പ്രിയ, നീ ഇതുവരെ ഉറങ്ങിയില്ലേ."

"നാളെ നമുക്ക് മൂന്ന് പേർക്കും ഡ്രസ്സെടുക്കണം. പിന്നെ എനിക്ക് ഒരു നെക്ലേയ്സും. ശനിയാഴ്ചത്തെ ഡിന്നർ പാർട്ടിയുടെ കാര്യം ഓർമ്മയുണ്ടോ?"

"ഓ, അതാണോ കാര്യം! എടുക്കാമല്ലോ, നാളെത്തന്നെ."

"താങ്ക്യൂ പ്രേം."

"മോനെ തോമസുക്കുട്ടി..........."

"എന്താമ്മേ......."

“നിന്നെയൊന്ന് കാണാൻ കൂടി കിട്ടുന്നില്ലല്ലോടാ!”

“നിങ്ങൾക്കു രണ്ടുപേർക്കും വെറുതെയിരുന്നാൽ മതിയല്ലോ. എനിക്കൊത്തിരി വർക്കുണ്ട്. ഇപ്പോൾത്തന്നെ വൈകി. ഞാനൊന്നുകിടക്കട്ടെമ്മേ.”

ദിവസങ്ങൾക്കുശേഷം ഒരു പ്രഭാതം.

“പ്രേം ഇന്നല്ലേ അവർ വരുന്ന് പറഞ്ഞത്?” പ്രിയ ചോദിച്ചു.

“അതേ, ചെന്നൈയിൽ നിന്ന് ജോസും കുടുംബവും പിന്നെ കൊച്ചിന്ന് ഡേവിഡും വരുന്നുണ്ട്. എന്തേ?”

“അപ്പോ അവർക്കുള്ള ഫുഡ് ഉണ്ടാക്കണ്ടേ എന്നെ കൊണ്ടു വയ്യ. ഹോട്ടലീന്നു പാഴ്സലുവാങ്ങാം.” “ഓക്കെ പ്രിയാ.”

അപ്പോൾ അപ്പനും അമ്മയും സ്വകാര്യ ദു:ഖം പങ്കുവെയ്ക്കുകയായിരുന്നു.

“നീയത് കേൾക്കുന്നുണ്ടോ മേരി അവരാരും നമ്മളെ കൊണ്ടുപ്പോകാൻ വരണതല്ല. നമ്മളെ മക്കൾക്ക് വേണ്ടാതായിരിക്കുന്നു. എന്നാലും ഒരു കാര്യം ഉറപ്പാ ആരും നോക്കിയില്ലേലും നിനക്ക് ഞാനുണ്ടാവും. എനിക്ക് നീയും. നമുക്ക് തറവാട്ടിലേക്ക് തിരിച്ചുപോകാം. കുറച്ചു വസ്തു വിറ്റ് ബാങ്കിലിട്ട് അതിന്റെ പലിശേം കൊണ്ട് കഴിയാം.”

അമ്മ പറഞ്ഞു “സ്വർഗമായിരുന്നില്ലേ അവിടം! ഒന്നുല്ലേലും നമ്മള് കൃഷിചെയ്ത്

വിളവ് കൊയ്ത് സുഖമായി കഴിഞ്ഞ നാടല്ലേ അത്. നമ്മടെ അപ്പന് ഇഷ്ടമല്ലായിരുന്ന നമ്മടെ പിള്ളാരെ 10-ാം ക്ലാസുകഴിഞ്ഞ് പഠിക്കാൻ വിടാൻ. എന്നിട്ടും നമ്മള് വിട്ട. മക്കടെ ഇഷ്ടമായിരുന്ന നമ്മടേം ഇഷ്ടം."

"അതോണ്ട് കുഴപ്പമൊന്നും പറ്റീല്ലല്ലോ. മൂന്നുപേരും പഠിച്ച് നല്ല നിലയിൽ ആയില്ലേ." ങ്ഹാ അപ്പൻ ദീർഘശ്വാസം വിട്ടു.

"അപ്പാ....അമ്മേ....ദേ, എല്ലാരും എത്തി." പ്രേം വിളിച്ചു പറഞ്ഞു. ഇരുവരും ഉത്സാഹത്തോടെ ഹാളിലേക്ക് ചെന്നു.

ജോസും കുടുംബവും, ഡേവിഡും, ഇരുന്നു. പ്രേമും, പ്രിയയും, റോസും നിന്നതേയുള്ളൂ. അപ്പനും അമ്മയും കസേരകളിൽ." അമ്മാമ്മേടെ പുന്നാര മക്കള് വന്നേ." അമ്മ കുട്ടികളെ അടുത്തേക്ക് ക്ഷണിച്ചു. അവർ കേട്ടഭാവം നടിച്ചില്ല.

പ്രേം പറഞ്ഞു "വിളിച്ചത് ഒരു പ്രധാന കാര്യം പറയാനാ. കഴിഞ്ഞ ആറു കൊല്ലമായി അപ്പനുമമ്മേം ഇവിടാ. ഞാൻ ഒരു ബുദ്ധിമുട്ടും പറഞ്ഞില്ല. പക്ഷെ ഇനി പറ്റില്ല. രണ്ടു മാസം കഴിഞ്ഞാൽ ഞാനും പ്രിയയും ദുബായ്ക്കു പോകും."

പ്രിയ പറഞ്ഞു "അതെ ദുബായീന്ന ഞങ്ങൾക്ക് രണ്ടുപേർക്കും നല്ല ഓഫർ വന്നിട്ടുണ്ട്. പോരെങ്കിൽ റോസിനു നല്ല വിദ്യാഭ്യാസവും കൊടുക്കാം."

ജോസ് തന്റെ ഭാഗം ക്ലിയർ ചെയ്തു.

"ചെന്നൈയിലെ കാലാവസ്ഥ ഇവർക്ക് പിടിക്കില്ല. പോരെങ്കിൽ ഞങ്ങള് ഒരു ചെറിയ റൂമിൽ ഒതുങ്ങിയാ കഴിയണത്. ഞാനും ഇവളും ജോലിക്കു പോയാൽ വീട്ടിലാരും ഉണ്ടാവില്ല. പിന്നെങ്ങനാ ഇവരെ അങ്ങോട്ടു കൊണ്ടുപോവുക?"

അടുത്ത് ഡേവിഡിന്റെ ഊഴമായിരുന്നു. "കൊച്ചിയിൽ ഞങ്ങൾക്കു വീടുണ്ടെന്നുള്ളത് ശരിയാ. പക്ഷെ രാവിലെ പോയാൽ വൈകുന്നേരേ വരൂ. അവിടെ ഒരു വേലക്കാരിയെപ്പോലും കിട്ടാനില്ല. പിന്നെ ഞങ്ങൾ എന്തുചെയ്യും?"

ചെറിയ ഇടവേളയ്ക്കുശേഷം ഡേവിഡ് തുടർന്നു "ഇനി ഒരു മാർഗമേയുള്ളൂ. എന്റെ ഫ്രണ്ടിന് പരിചയമുള്ള ഒരു സ്ഥാപനമുണ്ട്. അപ്പനുമമ്മേം ഒന്നും സമ്മതിച്ചാമതി."

അപ്പൻ ഇടപ്പെട്ടു "നിങ്ങൾ പറഞ്ഞത് ഇത്രേം നേരം ഞാൻ കേട്ടു. ഇനി ഞാൻ പറയണത് നിങ്ങൾ കേക്കണം. ഞങ്ങള് എവിടേക്കുമില്ല. ആർക്കും ഒരു ശല്യമാകാതെ തറവാട്ടിൽ കഴിഞ്ഞോളാം. നോക്കാൻ ഒരാളെ വച്ച് ഞങ്ങളവിടെ ജീവിച്ചോളാം. ഇത്രേം കാലം തോമസുകുട്ടി..... അല്ല പ്രേമും, പ്രിയയും ഞങ്ങളെ നോക്കി. നന്ദിയുണ്ട് മക്കളെ നന്ദിയുണ്ട്....."

"എന്താ മേരി പോവ്വല്ലേ?"

"പോകാം മക്കളെ എല്ലാരേം ഒന്നിച്ചു കണ്ടതിൽ സന്തോഷം. വല്ലപ്പോഴും അപ്പനേം, അമ്മേം, കാണാൻ വരണേ."

മക്കളും ചെറുമക്കളും മുഖത്തോടു മുഖം നോക്കി.

# ദിവ്യദൗത്യം



സി. മരിയറ്റ് ചെറിയാൻ

അധ്യാപനം ഒരു ദിവ്യദൗത്യം
ദൈവത്തിൻ വരദാനമാണിതെന്നും
ഓ, ദിവ്യഗുരുവേ നിൻ അമൂല്യമായ
അധ്യാപന ദൗത്യം എത്ര ശ്രേഷ്ഠം
ആ ദിവ്യദൗത്യം നീ എനിക്കും തന്നു
നന്ദി ഞാൻ ചൊല്ലുന്നു ഇന്നുമെന്നും
ഭാവിതൻ വാഗ്ദാനമായിടേണ്ട
കുഞ്ഞുങ്ങളല്ലോ നമുക്കു മുന്നിൽ
നാമിന്നു കാണേണമവരെയെല്ലാം
സ്നേഹത്തിൻ കണ്ണാലേ നോക്കിടേണം
ഇടറുന്ന പാദങ്ങൾ, ചിതറുന്ന ചിന്തകൾ
ദിശ തെറ്റി ഓടുന്ന കുഞ്ഞുമക്കൾ
ലക്ഷ്യം മറക്കുന്ന മൂല്യം മറക്കുന്ന
പഠനം അവർക്കു മഹാവിരസം
മൊബൈലും ടിവിയും ഫെയ്സ്ബുക്കുമല്ലോ
അവർക്കിന്ന് ഏറ്റം പ്രിയങ്കരങ്ങൾ
അറിവിൻ നിറവുകൾ നിറഞ്ഞിടാതെ
നെറികെട്ട മക്കൾ നിറഞ്ഞിടുന്നു
നന്മയും തിന്മയും ഗ്രഹിച്ചിടാതെ
തിന്മതൻ വഴിയേ നടന്നിടുന്നു
തിരുത്തൽ അവർക്ക് മഹാവെറുപ്പ്
ഞങ്ങളെ തിരുത്താൻ നിങ്ങളാര്?
ഉയരുന്ന ചോദ്യശരങ്ങളിന്ന്

ആരോടെന്നില്ലാതെ ഉതിർത്തിടുന്ന
ഞങ്ങൾക്ക് വഴികാട്ടി മാധ്യമങ്ങൾ
ഞങ്ങൾക്ക് വേണ്ടത് പബ്ലിസിറ്റി
കാലപ്രവാഹത്തിൻ കുത്തൊഴുക്കിൽ
കുത്തി ഒലിക്കുന്ന മൂല്യബോധം
മൂല്യച്യുതിക്കിന്ന് പഞ്ഞമില്ല
എങ്ങുമേ തിന്മതൻ കേളിരാഗം
നേടേണ്ടതെന്തെന്നറിഞ്ഞിടാതെ
നേട്ടങ്ങൾക്കായ് മാത്രം നേട്ടമിന്ന്
സ്വാർത്ഥ മോഹത്തിനായ് എന്തും ചെയ്യാൻ
ഒട്ടും മടിയ്ക്കാത്ത മാനവനെ
കണ്ടുവളരുന്ന കുഞ്ഞുമക്കൾ
പിൻതുടരുന്നു ആ പാത തന്നെ
അകക്കണ്ണു തുറക്കേണ്ട ഗുരുക്കളെല്ലാം
ഉണരേണ്ട സമയം അതിക്രമിച്ചു
മൂല്യബോധത്തിൽ വളർത്തിടേണം
നന്മയാൽ നിറയേണം കുഞ്ഞുമക്കൾ
നാടിനും വീടിനും നന്മ മാത്രം
ചെയ്യുവാൻ കരുത്തരായ് വളർന്നിടേണം
നമ്മുടെ മുന്നിലെ നമ്മുടെ സന്തോഷമതു താനല്ലോ.
അധ്യാപനം ഒരു ദിവ്യദൗത്യം
ദൈവത്തിൻ വരദാനമാണിതെന്നും.

ഹെഡ്മിസ്ട്രസ്
എസ്.പി.എച്ച്.എസ്. മുത്തോലപുരം



# പ്രകൃതി നേരിടുന്ന വെല്ലുവിളികൾ



ആര്യ പീറ്റർ

പ്രകൃതി ഇന്ന് പലവിധത്തിൽ ഉള്ള വെല്ലുവിളികൾ നേരിടുന്ന അവസ്ഥയിലാണ്. കാരണം, നിരന്തരം മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുകയാണ് നമ്മുടെ നന്മയ്ക്കുവേണ്ടി ദൈവം സൃഷ്ടിച്ച ഈ പ്രകൃതിയെ നാം ചെയ്യുന്നതെന്താണ്? അവയെ സംരക്ഷിക്കുകയാണോ? ഒരിക്കലുമല്ല. നമ്മുടെ സ്വാർത്ഥമോഹങ്ങൾക്കായി പ്രകൃതിയെ നാം നിരന്തരം സമീപിക്കുകയാണ്. പണ്ട് പച്ചഹരിതമായ പൂക്കൾ നിറഞ്ഞ മരങ്ങൾ നിറഞ്ഞ അരുവികളാൽ സമ്പുഷ്ടമായ പ്രകൃതി എത്ര മനോഹരമാണ് എന്നാൽ ഇന്ന് കുന്നുകൾ നിരത്തി അതിന്മേൽ ആകാശം മുട്ടെ കെട്ടിടങ്ങൾ കാണപ്പെടുന്നു. സ്നേഹത്തിന്റെ സന്ദേശവുമായി നമ്മെ സമീപിച്ച പ്രകൃതിയെ നാം ശത്രുക്കളായി കണ്ടു.

മരങ്ങൾ വെട്ടി നശിപ്പിക്കുക, കുന്നിടിക്കുക, പുഴകൾ മലിനീകൃതമാക്കുക, മണൽ വാരുക, ചെടികൾ പിഴുതെടുക്കുക തുടങ്ങി എന്തെല്ലാം ......... മരങ്ങൾ വെട്ടിനശിപ്പിച്ച് കെട്ടിടങ്ങൾ പണിയുന്നു. ഇത് നമുക്ക് ദോഷമാണ്. കാരണം, മരങ്ങൾ നശിപ്പിക്കുന്നതിലൂടെ വായു ഇല്ലാതാകുന്നു. മഴ കുറയുന്നു. അതിൻപ്രകാരം മനുഷ്യൻ ക്രമേണ നശിക്കുന്നു. കുന്നിടിക്കുന്നതിലൂടെ, ജലസംഭരണികൾ ആകുന്ന കുന്നുകൾ നശിക്കുന്നു. മഴയുടെ അളവ് കുറയുന്നു. പുഴകൾ മലിനീകൃതമാക്കുന്നതിലൂടെ ജലം കുറയുകയും പുഴ, അരുവി, തുടങ്ങിയ ജലസംഭരണികൾ നശിക്കുകയും ജലം മണ്ണിൽ അലിഞ്ഞു തീരുകയും വരൾച്ച ഉണ്ടാവുകയും ചെയ്യുന്നു. മനുഷ്യൻ ചെയ്യുന്ന ഓരോ പ്രവർത്തിക്കും നമുക്ക് തന്നെയാണ് നഷ്ടം വരുന്നതും.

# സ്വർഗ്ഗീയ മദ്ധ്യസ്ഥൻ




**അശ്വിൻ രാജീവ്**

പ്രേഷിതധീരനായ വിശുദ്ധ പൗലോസ് ശ്ലീഹായുടെ നാമത്തിൽ സ്ഥാപിതവും വിശുദ്ധന്റെ മദ്ധ്യസ്ഥതയാൽ ധന്യവുമായ മുത്തോലപുരം സെൻ്റ് പോൾസ് ഹൈസ്കൂളിന്റെ മദ്ധ്യസ്ഥനെപ്പറ്റി ഏതാനും വരികൾ കുറിക്കട്ടെ. ഏഷ്യ- മൈനറിൽ ടാർട്ടൂസ് എന്ന സ്ഥലത്ത് പൗലോസ്ശ്ലീഹാ ജനിച്ചു. ജറുസലേമിൽ പ്രശസ്തനായ ഗമലിയേലിന്റെ അടുക്കൽ പൗലോസ് നിയമവും സാഹിത്യവും അഭ്യസിച്ചു. ക്രിസ്തുവിന്റെ അനുയായിയാകുന്നതുവരെയും അദ്ദേഹം സാവൂൾ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ആദ്യത്തെ രക്തസാക്ഷിയായ സ്റ്റീഫന്റെ നേർക്ക് കല്ലെറിഞ്ഞവരുടെ വസ്ത്രങ്ങൾ സൂക്ഷിച്ചിരുന്നത് സാവൂളാണ്. യേശുവിന്റെ ശിഷ്യന്മാരെയെല്ലാം കൊന്നൊടുക്കുമെന്ന് ഓരോ ശ്വാസോച്ഛ്വാസത്തിലും ഭീഷണി മുഴക്കിയിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. മഹാപുരോഹിതനെ സമീപിച്ച് ക്രിസ്ത്യാനികളെ പിടിച്ചു കെട്ടി ജെറുസലെമിലേയ്ക്ക് കൊണ്ടുപോകുന്നതിന് ഡമാസ്കസിലെ സംഘങ്ങൾക്ക് നിർദ്ദേശം നല്കണമെന്ന് സാവൂൾ ആവശ്യപ്പെടുകയുണ്ടായി. അങ്ങനെ യാത്രചെയ്ത് അദ്ദേഹം ഡമാസ്കസിന് അടുത്തെത്താറായി. തൽക്ഷണം ആകാശത്തു നിന്ന് ഒരു വെളിച്ചം അദ്ദേഹത്തിന്റെ ചുറ്റും മിന്നിത്തിളങ്ങി. ഉടൻ തന്നെ അയാൾ നിലംപതിച്ചു. സാവൂൾ,സാവൂൾ എന്തിനാണ് നീ എന്നെ പീഡിപ്പിക്കുന്നത് ?" എന്ന് തന്നോട് ചോദിക്കുന്നതായ ഒരു സ്വരം അയാൾ കേട്ടു. അയാൾ ചോദിച്ചു, "കർത്താവേ അങ്ങ് ആരാണ് ?" അവിടുന്ന് ഉത്തരമരുളി: "നീ പീഡിപ്പിക്കുന്ന ഈശോയാണ് ഞാൻ എഴുന്നേറ്റ് നഗരത്തിലേയ്ക്ക് പോവുക. എന്തുചെയ്യണമെന്ന് അവിടെവച്ച് നിനക്ക് നിർദ്ദേശം ലഭിക്കും". സാവൂൾ നിലത്തുന്നിന്ന് എഴുന്നേറ്റു. കർത്താവ് തന്റെ ശിഷ്യനായ ഹനനിയായിലൂടെ സാവൂളിനെ പൂർണ്ണമായും സൗഖ്യപ്പെടുത്തുകയും ബാഹ്യവും ആന്തരികവുമായ കാഴ്ച

നല്കി പരിശുദ്ധാത്മാവിനാൽ നിറയ്ക്കുകയും ചെയ്തു. അങ്ങനെ പ്രശസ്ത മതമർദ്ദകനായ സാവൂൾ പൗലോസ് ആയിമാറി, ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിച്ചു. ആ പ്രസംഗം കേട്ടവരെല്ലാം വിസ്മയഭരിതനായി ചോദിച്ചു "ജെറുസലേമിൽ യേശുവിന്റെ നാമം വിളിച്ചപേക്ഷിച്ചവരെ പീഡിപ്പിച്ചിരുന്നത് ഇയാളല്ലേ?'' പൗലോസ് അവയൊന്നും ചെവിക്കൊള്ളാതെ പൂർവ്വാധികം ശക്തിയോടെ യേശുവിന്റെ നാമം പ്രഘോഷിച്ചു.

വിശുദ്ധ ക്രിസോസ്റ്റോം പറയുന്നത് പൗലോസിന്റെ ഹൃദയം ക്രിസ്തുവിന്റെ ഹൃദയം പോലെ ആയിരുന്നെന്നാണ് . "ഞാൻ ജീവിക്കുന്നു, എന്നാൽ ഞാനല്ല മിശിഹാ എന്നിൽ ജീവിക്കുന്നു" എന്ന് ശ്ലീഹാതന്നെ പറഞ്ഞിട്ടുണ്ടല്ലോ ക്രൈസ്തവതാരമായി, പ്രേഷിതവീരനായി പാരിനുമുഴുവൻ ദൈവിക വെളിച്ചം വിതറുന്ന,പ്രത്യേകിച്ച് നമ്മുടെ മുത്തോലപുരം കരയിലേയ്ക്കും സ്കൂളിലേയ്ക്കും വൻകൃപകൾ വർഷിച്ച് നമ്മെ ധന്യരാക്കിക്കൊണ്ടിരിക്കുന്ന, വിശുദ്ധ പൗലോസ് ശ്ലീഹായോടുള്ള സ്നേഹവും ബഹുമാനവും നമുക്ക് നല്ല ജീവിതത്തിലൂടെ പ്രകടമാവാം. നന്മയാവ മാത്രം ചിന്തിക്കുവാനും സംസാരിക്കുവാനും  പ്രവർത്തിക്കാനും അങ്ങനെ പാവനമായ ജീവിത പാതകളിലൂടെ സതതം  മുന്നേറുവാനും വി. പൗലോസ്ശ്ലീഹായുടെ മദ്ധ്യസ്ഥം നമുക്ക് തേടാം.



# വിദ്യാഭ്യാസം



ശ്രീമതി പ്രിയ സെബാസ്റ്റ്യൻ

വിദ്യ അഥവാ അറിവ് അഭ്യസിക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. സമാന്യമായ അറിവ് നേടുന്നതും തൊഴിൽ ചെയ്യാനുള്ളശേഷി നേടുന്നതും സംസ്കാരത്തെ അറിയുന്നതും വിദ്യാഭ്യാസത്തിലൂടെയാണ്. നേടുന്ന അറിവ് ഒരിക്കലും നശിക്കാത്തതിനാൽ ഏത് ധനത്തെക്കാളും പ്രാധാന്യവും ഇതിനുണ്ട്. വിദ്യാധനം സർവ്വധനാൽ പ്രധാനമെന്ന് പറയുന്നതും ഇതിനാലാണ്.

മനുഷ്യന്റെ അറിവ് വിവിധ മേഖലകളിലേക്ക് വ്യാപിച്ചിട്ടുണ്ട്. ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വിവിധ വിദ്യകൾ അഭ്യസിക്കേണ്ടതായും വന്നു. ഇതിന്റെ ഫലമായി ഉപരിപഠനവും ആവശ്യമായി വന്നു. വിദ്യാഭ്യാസരംഗത്തുണ്ടാകുന്ന അപചയം ഒരു രാജ്യത്തിന്റെ അധ:പതനത്തിന് കാരണമാകും. ഏതൊരു സമൂഹത്തിന്റെയും കെട്ടുറപ്പിന് അടിസ്ഥാനം വിദ്യാഭ്യാസമാണ്. വിദ്യാഭ്യാസ രംഗത്തെ അശാസ്ത്രീയമായ പരിഷ്കാരങ്ങളും വിദ്യാഭ്യാസ നിലവാരത്തെ പ്രതികൂലമായി ബാധിക്കാറുണ്ട്. ഒരു വ്യക്തിയുടെ സംസ്കാരികവും മാനസികവുമായ വളർച്ചയാണ് വിദ്യാഭ്യാസം കൊണ്ട് ലഭിക്കുന്നത്. വിദ്യാഭ്യാസം ഒരു വ്യക്തിയെ സ്വന്തം കാലിൽ നിൽക്കുവാൻ പ്രാപ്തനാക്കുന്നു. അഭിരുചിയ്ക്കനുസരിച്ചാകണം വിദ്യാഭ്യാസം. പകർന്നു കൊടുക്കുംന്തോറും വർദ്ധിക്കുന്നതാണ് വിദ്യ. ഒരുവനിൽ മലിനമായി കിടക്കുന്ന മനസ്സിനെ ശുദ്ധീകരിക്കാനും ജീവിതത്തെ മുന്നോട്ടു നയിക്കാനും വിദ്യ കൂടിയേ തീരൂ. ഉറങ്ങിക്കിടക്കുന്ന പ്രതിഭയെ പ്രതിഫലിപ്പിക്കാനും വിദ്യയ്ക്ക് കഴിയും.

# ലിറ്റിൽ കൈറ്റ്സ്



ജിയ ക്ലയർ ജോജി

കേരള സർക്കാരിന്റെ വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി തുടങ്ങിയ ലിറ്റിൽ കൈറ്റ്സ് ഞങ്ങൾക്ക് വളരയേറെ പ്രയോജനമായി തീരുന്നു. യജ്ഞത്തിന്റെ ഭാഗമായി തുടങ്ങിയ ലിറ്റിൽ കൈറ്റ്സ് ഞങ്ങൾക്ക് വളരയേറെ പ്രയോജനമായി തീരുന്നു. ഒത്തൊരുമയുടെ സംഘടനയാണ് ലിറ്റിൽ കൈറ്റ്സ്. ഇതിലൂടെ ഞങ്ങൾക്ക് കംമ്പ്യൂട്ടറുമായി കൂടുതൽ ഇടപെഴകുവാൻ സാധിച്ചു. ഓരോ ബുധനാഴ്ച്ചയും ഒരു മണിക്കൂർ ഉള്ള ക്ലാസ് ഏറെ രസകരമാണ്. ഇതിലൂടെ ആനിമേഷൻ, സ്ക്രാച്ച്, എഡിറ്റിങ്ങ്, മലയാളം ടൈപ്പിങ്ങ് തുടങ്ങിയവ പഠിച്ചു. ഒരു സ്മാർട്ട് ക്ലാസിലും പ്രോജക്ടറും ലാപ് ടോപ്പും സജ്ജീകരിക്കുന്നതിന് അദ്ധ്യാപകരെ സഹായിക്കാൻ കഴിഞ്ഞു. ക്യാമറ ഷൂട്ടിംഗ് പഠിക്കുവാൻ സാധിച്ചു. ഇതിലൂടെ പുതുതലമുറയുടെ സാങ്കതികവിദ്യകൾ എപ്രകാരമുണ്ടെന്ന് തിരിച്ചറിയാൻ കഴിഞ്ഞു.

ആകെ ഏഴ് മൊഡ്യൂളുകളായി 25 ആഴ്ച്ചകളിലൂടെ കടന്നു പോകുന്നു. സാങ്കേതികവിദ്യയിലൂടെ ഓരോ കുട്ടിയെയും ഉയർന്ന നിലവാരത്തിൽ എത്തിക്കാൻ ലിറ്റിൽ കൈറ്റ്സ് ശ്രമിക്കുന്നു. ഈ കൂട്ടായ്മ ഫലപ്രദമായി ഉപയോഗിക്കാനും, വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപ്പെടുത്താൻ ലിറ്റിൽ കൈറ്റ്സ് ശ്രമിക്കുന്നുണ്ട്. കുട്ടികളുടെ ഐ.റ്റി കൂട്ടായ്മയാണ് ഇത്. ഓരോ കുട്ടിയും തനിക്ക് യോജിച്ച മേഖല കണ്ടു പിടിക്കുന്നതിനും, അതിലേക്ക് കടന്നു ചെന്ന് ഉപരിപഠനം തേടുന്നതിനും മറ്റ് പഠനങ്ങളിൽ ഉയർന്നനിലവാരത്തിൽ എത്തുന്നതിനും ഇത് സഹായിക്കുന്നു. അങ്ങനെ ഞങ്ങൾക്ക് പൂർണ്ണമായും സഹായകമായ ലിറ്റിൽ കൈറ്റ്സ് വരും തലമുറക്ക് എന്നും സൂക്ഷിക്കാവുന്ന ഒരു മരതക കല്ല് തന്നെയാണ്

# ഇനി വെറും ഓർമ്മ



ദേവിക ഷിജി

ഇനി  വെറും ഓർമ്മ
പാറിപ്പറക്കുന്ന പക്ഷികളെ
നിങ്ങൾ ഓർക്കുക
തീരുന്ന പ്രകൃതി തൻ ജീവിതം

ഓർമ്മയായ് തീരുന്ന പ്രകൃതി
നമ്മളിൽ വെറും
ഓർമ്മ മാത്രം

ശേഷിക്കുന്നതെല്ലാം നശിക്കുന്നു
വേഗം നശിക്കുന്നതെല്ലാം വെറും
ഓർമ്മ മാത്രം

ആരുണ്ട് ഭൂമിയിൽ പ്രകൃതിയ്ക്കു
താങ്ങായി  തണലായി
നാശത്തിൻ വക്കിൽ നിന്ന്
പ്രകൃതിയെ രക്ഷിക്കാൻ



# പ്രകൃതിയും മനുഷ്യനും



അനന്യ ബാബു

കുന്ന് : നിങ്ങൾ എന്തിനാണ് എന്നെ നശിപ്പിക്കുന്നത് ?

അക്ഷയ് : ലോകത്തിന്റെ വളർച്ചയ്ക്ക് വേണ്ടി മനുഷ്യർ നിങ്ങളെ പോലെയുള്ള കുന്നുകളെ തകർക്കുന്നത്.

കുന്ന് : അതിന് എന്നെ പോലെയുള്ള കുന്നുകളെ എന്തിന് തകർക്കുന്നു?

അക്ഷയ് : നിന്നെ സ്വാധീനിക്കുന്നവയാണ് സൗന്ദര്യവും നല്ല അന്തരക്ഷ വായുവും.

കുന്ന് : പക്ഷെ നിങ്ങളുടെ പ്രവർത്തികൾ മൂലം എന്റെ സൗന്ദര്യവും നല്ല അന്തരീക്ഷവായുവും നശിച്ചുപോവുകയല്ലെ?

അക്ഷയ് : നിന്നെപോലെയുള്ളവയെല്ലാം ഇടിച്ചു നിരത്തി അവിടെ ഞാനൊരു വലിയ ഗോപുരം പണിയും.

കുന്ന് : എന്തിനുവേണ്ടി?

അക്ഷയ് : ലോകത്തിലെ മനുഷ്യരെ ആകർഷിക്കുന്നതിന് വേണ്ടി.

കുന്ന് : എനിക്ക് ഒരുപാട് മനുഷ്യരെ വേണ്ട. പകരം ആരോഗ്യം മതി.

അക്ഷയ് : നിന്നെ ഉപയോഗിച്ച് എനിക്ക് ഒരുപാട് പണമുണ്ടാക്കാൻ സാധിക്കും.

കുന്ന് : നിങ്ങൾക്ക് പണം മാത്രം മതി. നിങ്ങൾ മനുഷ്യർ എന്നെപ്പറ്റി ചിന്തിക്കുന്നില്ല.

അക്ഷയ് : ഞങ്ങൾ എന്തിനാണ് നിന്നെപ്പറ്റി ചിന്തിക്കുന്നത്? ഞങ്ങൾക്ക് ഞങ്ങളുടെ ലാഭം മാത്രം മതി.

കുന്ന് : ശരി, നിങ്ങൾക്ക് ലാഭവും വളർച്ചയുമുണ്ടാകും. ഇതിനു പകരം നിങ്ങൾ എനിക്ക് എന്ത് തരും?

അക്ഷയ് : നിനക്ക് എന്താണ് വേണ്ടത്?

കുന്ന് : എല്ലാം എനിക്ക് ലാഭകരമാണ്. ഈ പ്രകൃതി മുഴുവനും.

അക്ഷയ് : ഞങ്ങൾ എന്തിന് നിങ്ങൾക്ക് തരണം? നിങ്ങൾക്ക് തന്നാൽ അത് ഞങ്ങൾക്ക് നഷ്ടമാണ്.

കുന്ന് : നിങ്ങൾ സ്വാർഥരാണ്. നിങ്ങക്ക് നിങ്ങളുടെ കാര്യം മാത്രം മതി. പക്ഷെ നിങ്ങൾ ചിന്തിക്കണം, നിങ്ങൾ എന്നെയും പ്രകൃതിയെയും നശിപ്പിക്കുന്നതിലൂടെ നിങ്ങളും നശിക്കുകയാണ്.

അക്ഷയ് : എനിക്ക് നിങ്ങളെ മനസ്സിലാക്കാൻ സാധിക്കുന്നു. ഞാൻ നിങ്ങളെയും പ്രകൃതിയെയും സംരക്ഷിക്കും.

കുന്ന് : നന്ദിയുണ്ട്. നിങ്ങളുടെ വാക്ക് നിറവേറട്ടെ.

\-



# ഓർമ്മകളിലൂടെ ഒരു യാത്ര



**അമൽ വി. ജോസഫ്**

2019 ജനുവരി 4ാം തീയതി വെള്ളിയാഴ്ച്ച വൈകിട്ട് 7.30-ന് ഓരോരുത്തരായി സ്കൂളിൽ എത്തിച്ചേർന്നു.കുട്ടികൾ ആരാധനാലയത്തിൽ കയറി യാത്ര ശുഭകരം ആകുവാൻ ആവശ്യമായ അനുഗ്രഹങ്ങൾ വാങ്ങി യാത്ര ആരംഭിച്ചു. ബസ്സിൽ കയറിയശേഷം സ്കൂൾ ലീഡറുടെ നേതൃത്വത്തിൽ ജപമാല ആരംഭിച്ചു.ഞങ്ങളുടെ സഹായികളായ ഡ്രൈവർ ചേട്ടന്മാർ സ്വയം പരിചയ പെടുത്തിയ ശേഷം യാത്രയുട ഉത്സാഹമേകാൻ പാട്ടിട്ടു. കുട്ടികളെല്ലാം പാട്ടിന്റെ താളത്തിൽ ആർത്തുല്ലസിച്ചു. 10.30 യോടെ സ്വസ്ഥാനങ്ങളിൽ ഇരുന്ന് സിനിമ കണ്ടു. സിനിമ തീർന്നശേഷം എല്ലാവരും ഉറങ്ങാൻ തുടങ്ങി. 5-ാം തീയതി ശനി പുലർച്ചെ 5 മണിയോടെ കേരളം കടന്ന് കർണാടകയിലേക്ക് പ്രവേശിച്ചു. 40 കിലോമീറ്ററോളം ഞങ്ങൾ ബന്ദിപ്പൂർ വനത്തിലൂടെ സഞ്ചരിച്ചു. അവിടെ ഞങ്ങൾ കുറെ മാനിനെയും ആനയെയും കണ്ടു. പിന്നീട് മൈസൂറിന്റെ ഗ്രാമീണത ആസ്വദിച്ച് ഞങ്ങൾ ഹോട്ടലിൽ എത്തി. ഒരു മണിക്കൂറിനകം ഫ്രഷ് ആയി വരുവാൻ ടീച്ചർമാർ ആവശ്യപ്പെട്ടു. ഞങ്ങൾ ഫ്രഷ് ആയി താഴെ ഹോട്ടലിൽ ചെന്ന് പ്രഭാതഭക്ഷണം കഴിച്ച ശേഷം ഞങ്ങളുടെ ലക്ഷ്യസ്ഥാനമായ മൈസൂർ സൂവിലേക്ക് യാത്ര ആരംഭിച്ചു. ഏഷ്യയിലെ രണ്ടാമത്തെ വലിയ സൂ ആണ് മൈസൂരിലേത് വ്യത്യസ്തതരം മൃഗങ്ങളുടെയും പക്ഷികളുടെയും കൂടാരം.ഞങ്ങൾ അവിടെ നിന്ന് തിരിച്ചു. അടുത്ത ഞങ്ങളുടെ യാത്ര മൈസൂരിലെ ടിപ്പുസുൽത്താന്റെ പാലസിലേക്കായിരുന്നു. കൊത്തുപണി കളാൽ സമൃദ്ധം. സൗന്ദര്യത്തിന്റെ കാര്യത്തിൽ ദക്ഷിണേന്ത്യയിലെ മികച്ച പാലസാണ്. അതിന്റെ ചുവരുകളിൽ ചിത്രങ്ങൾ കൊണ്ട് നിറഞ്ഞതായിരുന്നു. ആ കാഴ്ച അതിമനോഹരമായിരുന്നു. പാലസ് ചുറ്റികണ്ടശേഷം ഞങ്ങൾ ഉച്ചഭക്ഷണം കഴിച്ചു. അതുകഴിഞ്ഞ് കാവേരി നദിയുടെ അരികിൽ ഉള്ള ടിപ്പു സുൽത്താന്റെ കോട്ടയിൽ ചെന്ന് കല്ലറയിൽ പോയി.പിന്നീട് ടിപ്പു സുൽത്താൻ പണികഴിപ്പിച്ച കെട്ടിടങ്ങൾ കണ്ടു. വൈകുന്നേരം 4.30-ന് ഞങ്ങൾ വൃന്ദാവൻ ഗാർഡനിൽ പോയി. ഞങ്ങൾ അവിടെ മുഴുവൻ ചുറ്റിക്കണ്ടു. പൂക്കൾ കൊണ്ട് നിറഞ്ഞതായിരുന്നു ഗാർഡൻ. 6.30-ന് ഞങ്ങൾ വാട്ടർഡാൻസ് കാണാൻ പോയി. അത് വളരെ രസകരമായിരുന്നു.

പാട്ടിന്റെ താളത്തിന് അനുസരിച്ച് വെള്ളം പല നിറത്തിൽ നൃത്തം ചെയ്യുന്ന കാഴ്ച വളരെ മനോഹരമായിരുന്നു. അതു കഴിഞ്ഞ് ഞങ്ങൾ ഹോട്ടലിലേക്ക് തിരിച്ചു പോയി. രാത്രി 8-ന് ഞങ്ങൾ ഭക്ഷണം കഴിച്ചു. തുടർന്ന് ഞങ്ങൾക്ക് കിട്ടിയ റൂമിലേക്ക് ഞങ്ങൾ പോയി. ഒരു റൂമിൽ 4 പേർ ആയിരുന്നു. ഞങ്ങൾ ഫ്രഷായി, 4 പേരും ചേർന്ന് കളിയും വർത്തമാനവുമായി സന്തോഷകരമായി സമയം ചെലവഴിച്ചു. 11.30-ന് ഞങ്ങൾ കിടന്നു. 6-ാം തിയതി ഞായറാഴ്ച്ച ഞങ്ങൾ 5 മണിക്ക് എഴുന്നേറ്റു. റെഡിയായ ശേഷം ഞങ്ങൾ തൊട്ടടുത്ത സെന്റ് ഫിലോമിനാപള്ളിയിൽ പോയി വിശുദ്ധ കുർബാനയിൽ പങ്കെടുത്തു. മനോഹരമായി പള്ളിയും ഗ്രോട്ടോയും ചുറ്റി കണ്ടു. പ്രഭാത ഭക്ഷണം കഴിച്ച് ഞങ്ങൾ എല്ലാവരും ഗ്രൂപ്പ് ഫോട്ടോ എടുത്തു. അതിനു ശേഷം ചാമുണ്ഡേശ്വരി ക്ഷേത്രത്തിൽ പോയി ഞങ്ങൾ അവിടെ ചുറ്റി കണ്ടശേഷം അവിടെ തന്നെ ഷോപ്പിങ് നടത്തി. അതിനു ശേഷം ഞങ്ങൾ കുടകിൽ അവിടുന്ന് ഉച്ചഭക്ഷണം കഴിച്ച് ഞങ്ങൾ ബാംബൂ ഫോറസ്റ്റിൽ പോയി . തുക്ക് പാലം കയറി. ബാംബൂ ഫോറസ്റ്റിലെ ഡിയർ പാർക്കിൽ ഞങ്ങൾ പോയി. മാനുകളുടെ ഒരു കൂട്ടം തന്നെ അവിടെ ഉണ്ടായിരുന്നു. അവിടെ കലാപരമായ പ്രതിമകൾ ഉണ്ടായിരുന്നു. അവിടെ ചുറ്റിക്കഴിഞ്ഞ് കൊടകിലെ പ്രസിദ്ധമായ ഗോൾഡൻടെമ്പിളിലേക്ക് ഞങ്ങൾ പോയി. അവിടുത്തെ മേധാവിയുടെ ചിത്രം മുന്നിൽ ഉണ്ടായിരുന്നു. അവിടുത്തെ വിഗ്രഹങ്ങളും അവരുടെ ആചാരപരമായ സ്വത്തുകളും ചുറ്റിക്കണ്ടിട്ട് ഞങ്ങൾ അവിടെ തന്നെ ഷോപ്പിങ്ങ് നടത്തി. 5.30 ന് ഞങ്ങൾ അവിടെ നിന്ന് മടങ്ങി. ബന്ദിപ്പൂർ വനത്തിലൂടെയാണ് ഞങ്ങൾ തിരിച്ചു വന്നത്. അവിടെ കുറച്ച് നേരം വണ്ടി നിർത്തിയിട്ട് ഞങ്ങൾ വഴിയരികിൽ ഉള്ള കാട്ടാനകളെ കണ്ടു. രാത്രി 8 മണിയോടെ കർണാടക ബോർഡർ കടന്ന് കേരളത്തിൽ എത്തി. 9 മണിക്ക് വയനാട്ടിലുള്ള ഒരു ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചു. 10.30 ന് ഞങ്ങൾ യാത്ര തിരിച്ചു. വെളുപ്പിന് അഞ്ചുമണിയോടെ ഞങ്ങൾ സ്കൂളിൽ തിരിച്ചെത്തി. അങ്ങനെ ഓർമ്മകളിൽ എന്നും മായാതെ നിൽക്കുന്ന യാത്ര ശുഭകരമായി അവസാനിച്ചു.



# മാപ്പ്

കെ.ആർ ഭരതപ്രിയ

എൻ നാട് കേരളം
വികസനത്തിൻ നാട്
കുറ്റൻ മണിമന്ദിരങ്ങളാൽ സമ
വികസനങ്ങൾ അമ്മയെ നോവിച്ച നേരം
കാറ്റായ് മഴയായി
ആടി അമ്മ താണ്ഡവം
കണ്ണടച്ച ുറക്കം നിമിഷം
നിലം പതിച്ച വികസനങ്ങൾ
അന്നത്തിനായി കുടിനീരിനായി
അലയുന്ന മക്കൾ
മക്കൾ തൻ രോദനം അമ്മ തൻ
കാതിൽ പതിഞ്ഞ നേരം
ആ നിമിഷം അണഞ്ഞു
അമ്മ തൻ രോദനം
അമ്മ തൻ സ്നേഹം തൊട്ടറിഞ്ഞ
മക്കൾ ചൊല്ലി...............
മാപ്പുതരു അമ്മേ മഹാമായേ,
തെറ്റ് പറ്റി...........

## ജനറൽ ക്വിസ്



തെരെസ് സിബി

1. സാമുവൽ ക്ലെമൻസ് എന്ന എഴുത്തുക്കാരൻ ഏത് തൂലികാനാമത്തിലൂടെയാണ് പ്രശസ്തനായത്? -മാർക്ക് ട്വയിൻ
2. ശൂന്യാകാശത്തേക്കു യാത്ര ചെയ്ത ആദ്യത്തെ വനിത? - വാലന്റീന തെരഷ്കോവ
3. ക്വിക്ക് സിൽവർ എന്നറിയപ്പെടുന്ന രാസവസ്തു? - മെർക്കുറി
4. ഏറ്റവും കൂടുതൽ വാരിയെല്ലുകൾ ഉള്ള ജീവി? - പാമ്പ്
5. ആദ്യത്തെ ക്രിക്കറ്റ് ലോകകപ്പിൽ വെസ്റ്റിൻഡീസിനോട് പരാജയപ്പെട്ട ടീം? - ഓസ്ട്രേലിയ
6. ഇടിമിന്നൽ ആയുധമാക്കിയ ഗ്രീക്ക് ദേവൻ? - ജൂപ്പിറ്റർ
7. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകം? - ശാസ്താംകോട്ടകായൽ
8. ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് ഈ വാക്കുകൾ ആരുടേതാണ് ? - ശ്രീ നാരായണ ഗുരു
9. ഞായർ എന്ന വാക്കിന്റെ അർഥം? - സൂര്യൻ
10. തകഴിയുടെ ഏറ്റവും വലിയ നോവൽ ഏത്? - കയർ
11. തോപ്പിൽ ഭാസി ജനിച്ച ജില്ല? - ആലപ്പുഴ
12. വയലാർ അവാർഡ് നൽകി തുടങ്ങിയത് എന്ന്? - 1977
13. കുഞ്ചൻ നമ്പ്യാരുടെ ജന്മഗ്രഹം? - കലക്കത്തു ഭവനം
14. ആര്യന്മാരുടെ ഭാഷ? - സംസ്കൃതം

# ഭയം



അന്ന റെജി


എന്നെ വിഴുങ്ങുന്ന ഭയം
കൊടുങ്കാറ്റായി എന്നിൽ
വീശവേ മഴയായി ഞാൻ
ഈ ഭൂമിയിൽ  പെയ്യവേ,
        മിത്രങ്ങളില്ലാത്ത ജീവിതയാത്രയിൽ
        ഒന്നും നേടുവാൻ കഴിഞ്ഞില്ല എന്ന
        ഭയം എന്നിൽ ആർത്തിരമ്പവേ
        മിത്ര ജീവിതത്തിൽ ഞാൻ തനിച്ചായി
ജീവിതത്തിൽ ഞാൻ തനിച്ചായ-
പ്പോൾ ഭയം എന്നെ വിഴുങ്ങി വശത്താക്കി
ഭയമാൽ നിറഞ്ഞ് കൂരിരുട്ടാൽ മുങ്ങിയ ഞാൻ
എങ്ങനെ കരകയറും ഭയത്താൽ നിറഞ്ഞ
നിറഞ്ഞ ഈ ജീവിതത്തിൽ നിന്നും ?

# മൂവായി തായി



മൃദുൽ ജയകുമാർ

ബ്രസീലിന്റെ തനത് ആയോധന കലയാണ് മൂവായി തായി. അടവുകളും പൂട്ടുകളും അടങ്ങിയ ആക്രമണ രീതിയാണിത്. എട്ട് അംഗങ്ങളുടെ കല എന്ന പേരിലും മൂവായി തായി അറിയപ്പെടുന്നു. ഇടിക്കാനായി കൈകൾ ചുരുട്ടിപ്പിടിക്കുന്നു എന്നതാണ് ഈ വാക്കിന്റെ അർഥം. ബോക്സിംഗിനോട് സമാനമായ അംഗചലനങ്ങളാണ് ഇതിലുള്ളത്. മുഷ്ടി, കൈമുട്ടുകൾ, കാൽമുട്ടുകൾ, കണങ്കാൽ എന്നിവ ഉപയോഗിച്ചുള്ള പോരാട്ടമുറകൾ കൂടി ഉൾപ്പെടും. തായിലന്റിലെ ക്ഷേത്രങ്ങളിൽ ഉത്സവാഘോഷങ്ങളിൽ ഈ മത്സരം നടന്നുവരുന്നു. ഇതിന്റെ പരിശീലകനെ നാക് മൂവായി എന്ന് വിളിക്കുന്നു. ഇത് ഒരു ഒളിംപിക്സ് മത്സര ഇനമാണ്.



# സഹോദരസ്നേഹം



**ആൽബിൻ സെബു**

ഒരു ഗ്രാമത്തിൽ രണ്ട് സഹേദരങ്ങൾ ഉണ്ടായിരുന്നു. രാമുവും ദാമുവും. ദാമു മടിയനായിരുന്നു. രാമുവോ നന്നായി ജോലി ചെയ്തിരുന്നു. ദാമുവിന് രാമുവിനെ ഇഷ്ടമല്ലായിരുന്നു. എന്നാൽ രാമുവിന് ദാമുവിനെ ഇഷ്ടമായിരുന്നു. ദാമു ഒരിക്കൽ രാമുവുമായി പന്തയം വച്ചു. രാമു വിളയിക്കുന്നതിനെക്കാൾ കൂടുതൽ നെല്ല് വിളയിക്കും എന്നായിരുന്നു പന്തയം. നെല്ല് വിതച്ച് കൊയ്തു. ദാമുവിന് പേടിയായി. ഞാൻ തോറ്റാൽ വീട് വിട്ട് പോകേണ്ടി വരും. കൂട്ടുകാരും നാട്ടുകാരും എന്നെ കളിയാക്കും. അവന് ഒരു ബുദ്ധി തോന്നി. രാമുവിന്റെ പത്തായത്തിൽ നിന്ന് നെല്ല് എടുത്ത് എന്റെ പത്തായത്തിൽ വെച്ചാൽ ഞാൻ ജയിക്കും. രാമുവിന്റെ പത്തായത്തിൽ നിന്ന് നെല്ല് എടുക്കാൻ നോക്കിയപ്പോൾ ഒരു ശബ്ദം കേട്ടു. ദാമു ഒളിച്ച് ഇരുന്നു. രാമു സ്വന്തം പത്തായത്തിൽ നിന്നും നെല്ല് എടുത്ത് ദാമുവിന്റെ പത്തായത്തിൽ കൊണ്ടുപ്പോയി വെയ്ക്കുന്നു. അത് കണ്ട് ദാമുവിന്റെ കണ്ണ് നിറഞ്ഞ് തുളുമ്പി. അന്ന് ചേട്ടന് തന്നോടുള്ള സ്നേഹം മനസ്സിലായി. അവർ അന്നു മുതൽ സ്നേഹത്തോടെ ജീവിച്ചു.



# യാത്രാവിവരണം




**അഞ്ജലി ജെ.**

2016 ഏപ്രിൽ 25-ന് കുടുംബത്തിൽ എല്ലാവരും ഒത്തുകൂടിയ നിമിഷം. ഒരു യാത്ര പോകാൻ തീരുമാനമെടുത്തു. വളരെ ആകാംഷാപൂർവ്വം കാത്തിരുന്ന നിമിഷംവന്നെത്തി. തലേദിവസം തന്നെ ഞങ്ങൾ യാത്രക്കുള്ള തയാറെടുപ്പുകൾ ആരംഭിച്ചു. യാത്ര പോകുന്ന ദിവസം അതിരാവിലെതന്നെ ഞങ്ങൾ എഴുന്നേറ്റു. പുലർച്ചെ ഏകദേശം ആറരയോടെ യാത്ര പുറപ്പെട്ടു . എന്റെ കുടുംബത്തിലെ എല്ലാവരും യാത്രയിൽ പങ്കെടുത്തു. അങ്ങനെ ഞങ്ങൾ സ്വപ്ന നഗരിയായ കൊടൈക്കനാലിലേക്ക്....... കൊടൈക്കനാലിൽ എത്തിയ ശേഷം ഞങ്ങൾ ഒരു ലോഡ്ജ് എടുത്തു. ലോഡ്ജിന്റെ പേര് സ്വർണം എന്നായിരുന്നു.

അവിടെ ഉറക്കവും, കുളിയും, ഭക്ഷണവുമെല്ലാം കഴിഞ്ഞ ശേഷം കൊടൈക്കനാൽ ചുറ്റിക്കാണാൻ പുറപ്പെട്ടു. ആദ്യം ഞങ്ങൾ വ്യൂ പോയിന്റിലേക്കാണ് പോയത്. അവിടെ ചെന്നു നിൽക്കുമ്പോൾ മഞ്ഞുകാറ്റ് ഞങ്ങളെ തലോടുന്നതായ് അനുഭവപ്പെട്ടു. സ്ഥലങ്ങളെല്ലാം കണ്ട് ആസ്വദിച്ചശേഷം പൈൻമരക്കാടുകളിലേക്കാണ് പോയത്. അവിടെ മരങ്ങളെല്ലാം കൂടി നിൽക്കുന്നത് കാണാൻ നല്ല ഭംഗിയായിരുന്നു. പൈൻമരക്കാടുകൾ കണ്ടശേഷം അവിടെ ഞങ്ങളെല്ലാവരും ചേർന്ന് കളിച്ചു. പിന്നീട് ഞങ്ങൾ സൂയിസൈഡ് പോയിന്റിലേക്കാണ് പോയത്. പേടിപ്പിക്കുന്ന ഒരു സ്ഥലമായിരുന്നു അത്. അതിനുശേഷം ഞങ്ങൾ കൊടാരി തടാകത്തിലേക്കാണ് പോയത്. അവിടെ ഞങ്ങൾ ബോട്ടിങ്ങിനായ് എത്തിയതായിരുന്നു. അരമണിക്കൂർ ബോട്ടിങ്ങിനുശേഷം ഞങ്ങൾ തിരിച്ച് ലോഡ്ജിലെത്തി. ഭക്ഷണം കഴിഞ്ഞ് ക്ഷീണം കാരണം ഞങ്ങളെല്ലാവരും ഉറക്കത്തിലേയ്ക്ക് തിരിഞ്ഞു. ഉറക്കം കഴിഞ്ഞ് ഞങ്ങൾ കൊടൈക്കനാലിൽ നിന്ന് യാത്ര തിരിച്ചു. രാവിലെ അവിടെ നിന്ന് തന്നെ ഭക്ഷണവും കഴിച്ചു. ഉച്ചയ്ക്ക് കുമളിയിലെ ബിയോൺ ഹോട്ടലിനു മുൻപിൽ നിർത്തി. ബിരിയാണി കഴിച്ചതിനുശേഷം ഞങ്ങൾ വീണ്ടും യാത്ര തുടർന്നു. യാത്ര തുടരവെ പ്രകൃതിയെ

മുഴുവൻ പ്രതിഫലിപ്പിക്കുന്ന ഒരു പുഴയും അതിനോടടുത്ത് ഒരു ചെറിയ വെള്ളചാട്ടവും ഉണ്ടായിരുന്നു. തെളിമയുള്ള അഴുക്കൊന്നുമില്ലാത്ത നല്ല വെള്ളമായതിനാൽ ഞങ്ങൾ അവിടെ നീന്തി കുളിച്ചതിനു ശേഷം അവിടെ നിന്നും യാത്ര തിരിച്ചു. കുറച്ച് സമയത്തിനുശേഷം ഞങ്ങൾ ഒരു വലിയ മുന്തിരിത്തോട്ടം കണ്ടു. ആ മുന്തിരിത്തോട്ടം കണ്ടപ്പോൾ നമുക്ക് പാർക്കാം മുന്തിരിത്തോപ്പുകൾ എന്ന ലാലേട്ടന്റെ സിനിമ ഓർമ്മ വന്നു. അവിടെ കുറച്ച് സമയം ചിലവഴിച്ചതിനുശേഷം യാത്ര തിരിച്ചു. അങ്ങനെ മനോഹരമായ യാത്രയുടെ അവസാനം സുരക്ഷിതരായി ഞങ്ങൾ വീട്ടിലെത്തിച്ചേർന്നു. അത് ഒരു മറക്കാൻ കഴിയാത്ത അനുഭവമായിരുന്നു. തിരിച്ചു പോരാതിരുന്നെങ്കിൽ എന്ന് ഞാനും ആഗ്രഹിച്ചു.

# എഴുത്തുകാരെ അറിയുക



ഭരത് സോമൻ

ഉറൂബ് (പി.സി. കുട്ടികൃഷ്ണൻ) (1915-1979)

മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ ജനനം. കേരള സാഹിത്യ അക്കാദമി അധ്യക്ഷനായിരുന്നു. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചു. ഉമ്മാച്ചു, അമ്മിണി, സുന്ദരികളും സുന്ദരന്മാരും, മിണ്ടാപ്പെണ്ണ്, അണിയറ മൗലവിയും ചങ്ങാതിമാരും, ഗോപാലൻനായരുടെ താടി, രാച്ചിയമ്മ, അപ്പുവിന്റെ ലോകം തുടങ്ങിയവ പ്രധാന കൃതികൾ.

ഇടശ്ശേരി ഗോവിന്ദൻനായർ (1906-1974)


പൊന്നാനിയിൽ ജനനം. കുട്ടകൃഷി, പൂത്തൻകലവും അരിവാളും, കാവിലെ പാട്ട്, പൂതപ്പാട്ട്, ഒരുപിടി നെല്ലിക്ക, അന്തിതിരി, കറുത്ത ചെട്ടിച്ചികൾ എന്നിവ പ്രധാന കൃതികൾ. മലബാറിലെ കേന്ദ്രകലാസമിതിയുടെ പ്രസിഡന്റ്, സാഹിത്യ പ്രവർത്തക സഹകരണ സംഘം ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം, കേരള സാഹിത്യ അക്കാദമി പുരസ്കാരം, കേരള സാഹിത്യ അക്കാദമി അവാർഡ്, ആശാൻ പ്രൈസ് എന്നിവ ലഭിച്ചിട്ടുണ്ട്.

എം. ആർ. ബി. (എം. രാമൻ ഭട്ടതിരിപ്പാട്) (1908-2001)

പൊന്നാനിക്കടുത്തുള്ള വന്നേരിയിൽജനിച്ചു. പത്രപ്രവർത്തകൻ, സാമൂഹികപരിഷ്കർത്താവ്,എഴുത്തുകാരൻ എന്നീ നിലകളിൽ പ്രസിദ്ധൻ. വി.ടി ഭട്ടത്തിരിപ്പാടിന്റെ സഹപ്രവർത്തകനായിരുന്നു. മറക്കുടക്കുള്ളിലെ മഹാനരകം, വാൽക്കണ്ണാടി, എം. ആർ. ബി. യുടെ ഉപന്യാസങ്ങൾ, മുഖച്ഛായ തുടങ്ങിയ കൃതികൾ രചിച്ചു.

സി. പി. ശ്രീധരൻ (1932-1996)

പയ്യന്നൂരിൽ ജനനം. പ്രശസ്ത പത്രപ്രവർത്തകനും സാഹിത്യ നിരൂപകനും. കലയും മനുഷ്യനും, സാഹിത്യ ജീവിതം, നിരൂപകദൃഷ്ടിയിൽ, ശാസ്ത്രസാഹിത്യം മലയാളത്തിൽ (രണ്ടു വാല്യങ്ങൾ), ഇന്നത്തെ സാഹിത്യകാരന്മാർ, അനശ്വരശില്പങ്ങൾ, മഹത്ത്വമുഖങ്ങൾ, പാഞ്ചജന്യം, ഡോ. രാധാകൃഷ്ണൻ, ഡോ. സക്കീർ ഹുസൈൻ തുടങ്ങിയവ പ്രധാന കൃതികൾ.



# കൈതാങ്ങ്



**എൽസാ ബിജു**

ആയിരം ആയിരം ചിന്തയായിരുന്നു എനിക്ക്
എൻ പ്രകൃതി തൻ സങ്കടം
ദുരിത പെരും കടൽ നീന്തി കയറുവാൻ
എൻ നാടും പ്രകൃതിയും ഒന്നായിമാറുന്നു.
പ്രളയം കൊണ്ടെടുത്ത എൻ നാട് ഇതാ
ഒരു കൈയ്ക്കായി തിരയുന്നു
ഞാൻ ഇതാ എൻ കൈ ഒരു
താങ്ങായ് എൻ നാടിനർപ്പിക്കുന്നു.
എൻ നാടിനായ് എന്നെ സമർപ്പിക്കുന്നു
എന്നെ മുഴുവനായ് എൻ
നാടിനുവേണ്ടി സമർപ്പിക്കുന്നു.
അക്ഷരതാളുകളിൽ ഞാൻ കണ്ട ലോകമല്ല
എൻ കൺമുമ്പിൽ ഞാൻ ഇപ്പോൾ കാണുന്നത്
നുരയുന്ന പതപോലെ എൻ നാടിതാ തിരയുന്നു.
കരയുന്ന കൈതാങ്ങിനായ് ജീവിതം ഇതാ നിറയുന്നു
ജാതിയും മതവും തട്ടി തെറിപ്പിച്ച് എൻ നാടിനായ്
ഇതാ മനുഷ്യർ കൈ കോർക്കുന്നു.
എൻ നാട് ഉയർത്തെഴുന്നേൽക്കും അതിനായ്
ഈ നാട് പൊരുതും ഇത് കേരളമാണ്
ഉയർത്തെഴുന്നേൽക്കുംഞങ്ങൾ
ദൈവത്തിൻെറസ്വന്തം നാട്ടിലെ മക്കൾ.

## കടം കഥകൾ



അദ്വൈത് സജി

- കൊക്കിരിക്കെ കുളം വറ്റിവറ്റി - മണ്ണെണ്ണ വിളക്ക്
- കാട്ടിൽ കിടന്നവൻ കൂട്ടായി വന്നു - വടി
- ഒരമ്മപെറ്റ മക്കളെല്ലതൊപ്പിക്കാര് - അടയ്ക്ക
- നാഴൂരിപ്പാലുകൊണ്ട്നാടാകെ കല്യാണം - നിലാവ്
- കാണ്ടാൽ കുരുടൻ കാശിനുമിടുക്കൻ - കുരുമുളക്
- സാക്ഷപൊത്തിൽ തീക്കട്ട - തോക്ക്
- മണ്ണിനടിയിൽ സ്വർണ്ണക്കട്ട - മഞ്ഞൾ
- ഒരു കുപ്പിയിൽ രണ്ടെണ്ണ - മുട്ട
- കറുത്ത പാറമേൽ വെളുത്ത രണ്ട് വേരോടി - ആനക്കൊമ്പ്
- ഒരമ്മയുടെ മക്കൾ അമ്മയെ കുത്തി മരിക്കുന്നു - തീപ്പെട്ടി



# കേരളീയ കലാരൂപങ്ങൾ



ഗൗതം എസ്.

## കോൽക്കളി

- കേരളത്തിലെ പല ഭാഗങ്ങളിലും പ്രചാരത്തിലുള്ള ഒരു വിനോദകലയാണ് കോൽകളി .
- എട്ടോ പത്തോ ജോടി യുവാക്കൾക്ക് കോൽകളിയിൽ പങ്കെടുക്കാം.
- ചുറ്റിക്കോൽ, തെറ്റിക്കോൽ, ഇരുന്നകളി എന്നിങ്ങനെ അറുപതിൽപ്പരം ഇനങ്ങൾ കോൽക്കളിയിലുണ്ട് .
- ഓരോ കളിക്കും പ്രത്യേകം താളങ്ങളുണ്ട് .
- താളങ്ങൾ വായ്ത്താരിയായി പഠിച്ചിരിക്കണം . ആ താളങ്ങൾക്കനുസരിച്ചുള്ള ഗാനങ്ങളാണ് പാടേണ്ടത്

## പഞ്ചവാദ്യം

- കേരളത്തിലെ ക്ഷേത്രങ്ങളിൽ ഉത്സവങ്ങൾക്കും ആരാധനകൾക്കും ഒഴിവാക്കാനാവാത്ത വാദ്യമേളങ്ങളാണ് പഞ്ചവാദ്യം.
- ഇടയ്ക്ക, തിമില, മദ്ദളം, കൊമ്പ് , ഇലത്താളം, വലംതല, ചെണ്ട, എന്നീ ഏഴിനം വാദ്യങ്ങൾ ഉപയോഗിച്ചുള്ള മേളമാണിത് .

## കഥകളി

- കേരളത്തിലെ ക്ഷേത്രങ്ങളിൽ നടന്ന് വരുന്ന കലയാണ് കഥകളി.
- ഈ കലയ്ക്ക് വിത്യസ്ത വേഷങ്ങളുണ്ട് അവ താടി , പച്ച ,കറുത്തതാടി, കത്തി,മിനുക്ക് എന്നിവയാണ്
- ഈ കല വളരെ കാലങ്ങളായി കൈമാറി വന്നതാണ്
- ആട്ടകഥയെ അടിസ്താനമാക്കി ചെയ്യുന്ന കലയാണ് തെയ്യം

<u>തുള്ളൽ</u>

- കേരളത്തിലെ ക്ഷേത്രങ്ങളിൽ നടന്ന് വരുന്ന കലയാണ് തുള്ളൽ.
- മൂന്ന് തരം തുള്ളലുകളുണ്ട് അവ
- പറയൻ തുള്ളൽ ,ശീതങ്കൻ തുള്ളൽ, ഓട്ടൻ തുള്ളല്
- കുഞ്ചൻ നമ്പ്യാരാണ് തുള്ളലിന്റെ ഉപജ്ഞാതാവ്.

<u>തെയ്യം</u>

- കേരളത്തിലെ ക്ഷേത്രങ്ങളിൽ താലപ്പൊലിയോടൊപ്പം നടത്തിവരുന്ന
- ഒരു കലാരൂപമാണ് തെയ്യം
- കുരുത്തോല കൊണ്ടാണ് ഇതിന്റെ ഭംഗി കൂട്ടുന്നത്
- ഒരു പുരാതന കലയാണ് തെയ്യം



# പ്രകൃതി തൻ രോഷം....



മീനാക്ഷി സുരേഷ്

മനുഷ്യർ തൻ
ദുഷ്ടപ്രവർത്തികൾ
ഇന്നിതാ പ്രകൃതിയ്ക്ക്
ദുരന്തമായ്ത്തീരുന്നു

ആകാശത്തോളം നിറഞ്ഞിത
ദുരന്തം എൻ നാടിനെയും
വിഴുങ്ങുന്ന പെരുമ്പാമ്പി-
നെപോലെ

പ്രകൃതി തൻ രോഷം
ഇതാ പ്രളയമായ്
കണ്ണീർകടലായ് ഒഴുകുന്നു
തീരാതെ

മഴവെള്ള പാച്ചിലിൽ
എൻ നാടിതാമുങ്ങുന്നു
ഒരുകൈതാങ്ങിനായ്
കേഴുന്നു.

നേരം അടുത്തു
ഇതാ ഒരായിരം കൈ
താങ്ങായ് കൂട്ടായ് എൻ
നാടിന്

ജാതി മത ഭേദമന്യേ
എൻ നാടിനായ്
ആയിരം കൈ ഉയർന്നു
പോങ്ങുന്നു.



# നോവലും സമൂഹവും



ആദിത്യ റ്റി.ആർ

"നോവല്ല" എന്ന ഇറ്റാലിയൻ പദത്തിൽ നിന്നാണ് നോവൽ എന്ന വാക്കുത്ഭവിച്ചത്. പുതിയത് എന്നാണ് നോവൽ എന്ന പദത്തിനർത്ഥം ആദ്യകാലങ്ങളിൽ കൂടുതലും ധീരസാഹസിക കഥകളാണ് നോവലിന് വിഷയമായിട്ടുള്ളത്. സാമൂഹികജീവിതങ്ങളെ യഥാതഥമായ വിധത്തിൽ ആവിഷ്കരിക്കാൻ തുടങ്ങിയതോടെ ജീവിതഗതിവിഗതികൾ വെളിപ്പെടുന്ന ഒരു കണ്ണാടി എന്നവണ്ണം ഈ സാഹിത്യ വിഭാഗം വികാസം പ്രാപിക്കാൻ തുടങ്ങി. ഫ്രഞ്ച്, ജർമ്മൻ, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിൽ ആണിത് വളർന്നു തുടങ്ങിയത്. ഡിക്കൻസ്, വിക്ടർ ഹ്യൂഗോ തുടങ്ങിയവരുടെ നോവലുകൾ ഈ രീതിയിൽ ശ്രദ്ധേയമാണ്. ഇവരെല്ലാം റൊമാന്റിക് സങ്കല്പത്തിൽ നിന്നപ്പോൾ ബൽസാക്ക്, ഫ്ളോബേർ, മോപ്പസാങ് തുടങ്ങിയവർ യാഥർത്ഥ്യനിഷ്ഠമായി റിയലിസത്തിന്റെ ഘട്ടത്തിൽ ജീവിതാനുഭവങ്ങൾ കോർത്തിണക്കി കൊണ്ടുവന്നെത്തിച്ചു.

മലയാളത്തിൽ ആദ്യമായി ഉണ്ടായ നോവൽ 1887 ൽ പുറത്തുവന്ന കുന്ദലതയാണ്. കേരളസാഹിത്യ ചിത്രകാരനായ ഉള്ളൂർ, 'നോവൽ സാഹിത്യം' എഴുതിയ എം. പി. പോൾ എന്നിവരുടെ വെളിപ്പെടുത്തലിൽ നിന്നാണ് 'കുന്ദലത' ആദ്യനോവൽ എന്ന അനുമാനത്തിനു നിദാനം. ആദ്യമായി എഴുതപ്പെട്ടെന്നു പറയാമെങ്കിലും നോവലിനു പറയത്തക്ക യോഗ്യതകളൊന്നും കണ്ടെത്താൻ കഴിഞ്ഞില്ലെന്നു മാത്രമല്ല കേരളീയജീവിതത്തിന്റെ സവിശേഷതകളോ സമഗ്രാനുഭൂതി നൽകുന്ന ഇതിവൃത്തമോ കഥാപാത്രങ്ങളോ ഒന്നും ആ നോവലിൽ ഇല്ല. കെട്ടിച്ചമച്ചുണ്ടാക്കിയ ഒരു കഥാരൂപം മാത്രമേ ആകുന്നുള്ളൂ. അതുകൊണ്ട് ചരിത്രപരമായി പ്രധാന്യത്തിനപ്പുറം ഇതിന് വിശേഷവിധിയായി ഒന്നും അവകാശപ്പെടാനാവില്ല.

1889 ഡിസംബറിൽ പുറത്തിറങ്ങിയ ഇന്ദുലേഖയാണ് മലയാളത്തിൽ ആദ്യമായി ആവിർഭവിച്ച ലക്ഷണമൊത്ത നോവൽ. വിദ്യാഭ്യാസത്തിലൂടെ സ്ത്രീകളെ ശക്തരാക്കാൻ കഴിയും എന്നതാണ് ഇന്ദുലേഖ എന്ന നോവൽ നല്കുന്ന സന്ദേശം.

മാർക്സിയൻ ഗാന്ധിയൻ ചിന്തകളോടുള്ള ആഭിമുഖ്യം, ദേവ്, ബഷീർ, തകഴി എന്നിവർ പുലർത്തിയിരുന്നു. മരുമക്കത്തായത്തിന്റെ തകർച്ച എം.ടിയുടെ നോവലുകളിൽ കാണാം. ഫ്രോയിഡിന്റെയും യുങ്ങിന്റെയും മനഃശ്ശാസ്ത്ര ചിന്തകളും പരിണാമ സിദ്ധാന്തവുമൊക്കെ ആധുനിക നോവലുകളെ സ്വാധീനിച്ചു. നോവൽ സാഹിത്യം, വളർച്ച പ്രാപിക്കുന്നതിന് പാശ്ചാത്യസാഹിത്യം ഒട്ടും കുറച്ചല്ല സ്വാധീനിച്ചത്. മനഃശാസ്ത്ര വീക്ഷണത്തോടെ സമൂഹത്തിന്റെ വ്യഗ്രതയും ത്വരയും ജീവിതവിജയം കണ്ടെത്താനുള്ള സ്വാർത്ഥതയും എല്ലാം കൃതികൾക്കും വിഷയമായി. അതിൽ ഫ്രോയിഡ്, യുങ്ങ് എന്നിവരുടെ മനഃശാസ്ത്ര ചിന്തകളും ഉൾപ്പെടുന്നു. പരിണാമ സിദ്ധാന്തവും നോവലുകളെ വളരെയേറെ സ്വാധീനിച്ചു.

# വളരണം, പുതിയൊരു കാർഷിക സംസ്കാരം



ശ്രീമതി ജൂലിയറ്റ് തോമസ്

നാണ്യവിളകളുടെയും ഭക്ഷ്യവിളകളുടെയും കൃഷികൾ തമ്മിൽ വരുമാനത്തിലും ലാഭത്തിലുമുണ്ടായ ഭീമമായ അന്തരം കാൽ നൂറ്റാണ്ടു മുമ്പ് ഭക്ഷ്യവിളകളെ നമ്മുടെ കൃഷിയിടങ്ങളിൽ നിന്ന് ആട്ടിപ്പായിച്ചു എന്നുതന്നെ പറയാം. അതുമാത്രമല്ല, വിദേശ രാജ്യങ്ങളിൽ സ്വന്തം അസ്ഥിത്വം തേടിപ്പോയ മലയാളി അവിടങ്ങളിലെ രീതികളിൽ മതിമറന്ന് കഞ്ഞിയും കപ്പയും ചീത്തയായ വിഭവങ്ങളാണെന്ന് സ്വയം വിലയിരുത്തിയതും ഈ മാറ്റത്തിനൊരു കാരണമായി എന്നു പറയേണ്ടിവരും. മണ്ണിൽ പണിയെടുക്കുന്നതു അഭിമാനക്ഷതമായി കാണുന്ന ഒരു തലമുറ നമ്മുടെ ഇടയിൽ രൂപപ്പെടുകയും ചെയ്തു.


കച്ചവടം പഠിച്ചവർ കപ്പയെ സ്റ്റാർ ഹോട്ടൽ വിഭവമായി അവതരിപ്പിച്ചതോടെ കേരള മണ്ണിൽ മരച്ചീനി കൃഷി തിരിച്ചുവന്നു തുടങ്ങിയെന്നതും ശ്രദ്ധേയമായ കാര്യമാണ്. നിശ്ചിത കാലത്തു മാത്രം കൃഷി ചെയ്തിരുന്നതും ഉത്പാദനം കുറഞ്ഞതുമായ ഇനങ്ങൾക്കു പകരം വർഷം മുഴുവനും ഏതു സമയത്തും കൃഷി ഇറക്കാവുന്നതും അത്യുത്പാദന ശേഷിയുള്ളതുമായ പുതിയ ഇനങ്ങൾ അവതരിപ്പിക്കപ്പെട്ടത് ഈ മാറ്റത്തിനു പ്രോത്സാഹനമായി എന്നതും എടുത്തു പറയണം. വാണിജ്യ അടിസ്ഥാനത്തിൽ അന്യദേശക്കാർ ഉത്പാദിപ്പിച്ച്, അവരുടെ താൽപര്യത്തിനനുസരിച്ച് വിപണിയിൽ എത്തിക്കുന്ന കാർഷിക വിളകൾ വാങ്ങിത്തിന്ന് സ്വയം രോഗികളായി മാറുന്ന രീതിയിൽ നിന്ന് നമ്മുടെ കുട്ടികളെ പിൻതിരിപ്പിക്കാനും നമുക്ക് ആവശ്യമുള്ളവയെങ്കിലും സ്വന്തമായി കൃഷി ചെയ്യുന്ന രീതി അവരിൽ പ്രചരിപ്പിക്കാനും ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസ-ഭരണ നേതൃത്വങ്ങൾ ഇത്തരത്തിലുള്ള

വിവിധ തരത്തിലുള്ള പച്ചക്കറി വിത്തുകൾ സ്കൂളുകൾ വഴി വിതരണം ചെയ്തതിലൂടെ നമ്മുടെ കൃഷി-വിദ്യാഭ്യാസ വകുപ്പുകൾ കഴിഞ്ഞ വർഷങ്ങളിൽ നല്ല തുടക്കമാണ് കുറിച്ചത്. പക്ഷേ, കൃഷി സംബന്ധിച്ച് തുടർ നിരീക്ഷണങ്ങൾക്കോ ഉപദേശങ്ങൾക്കോ കാര്യമായ സൗകര്യം ഒരുക്കാൻ നമ്മുടെ സംവിധാനത്തിൽ കഴിഞ്ഞില്ല എന്നതാണ് സത്യം. പാഠങ്ങളേക്കാൾ പ്രവൃത്തികൾക്കു പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള വിദ്യാഭ്യാസ രീതിയിൽ ഇത്തരം തുടർപ്രവർത്തനങ്ങൾ കൂടി

കാര്യക്ഷമമായാൽ പദ്ധതിയുടെ വിജയം വളരെ വലുതാകും. കുട്ടികൾ സ്വയം പര്യാപ്തരാകുന്നതിനൊപ്പം പ്രകൃതിയെ അറിഞ്ഞു വളരുകയും ചെയ്യും.

ചില ജില്ലകളിൽ കഴിഞ്ഞ വർഷം നടപ്പാക്കിയ 'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞു പദ്ധതിയും' ഇതുപോലെ ശ്രദ്ധിക്കപ്പെട്ടു. കോഴിക്കുഞ്ഞിനോടും ആട്ടിൻകുട്ടിയോടുമൊക്കെ ചങ്ങാത്തം കൂടാൻ ഇഷ്ടപ്പെടാത്ത കുട്ടികൾ ഇല്ലല്ലോ. അതുകൊണ്ടുതന്നെ അവയെ വളർത്താനും പരിപാലിക്കാനും അവർക്കു നല്ല താൽപര്യം ആയിരിക്കും. വലിയ മുടക്കു മുതലില്ലാതെ തന്നെ വരുമാനം നേടാൻ കഴിയുന്ന സ്വയം തൊഴിലാണ് കോഴിവളർത്തൽ. കുട്ടികൾക്കൊപ്പം അമ്മമാർക്ക് അതൊരു വരുമാന മാർഗ്ഗവുമാണ്. അതുകൊണ്ട് തന്നെ കുട്ടികളെ മുട്ടക്കോഴി വളർത്തലെന്ന സ്വയം തൊഴിൽ പരിശീലിപ്പിക്കാനും അതിലൂടെ കഴിയുന്നു.

പല സ്കൂളുകളിലും കുട്ടികളും അധ്യാപകരും ചേർന്നു നടത്തിയ പച്ചക്കറി കൃഷി വളരെ നല്ല വിളവു നൽകി എന്നു മാത്രമല്ല, കുട്ടികൾ അത് ആവേശപൂർവ്വം പങ്കു ചേർന്നു എന്നത് ശുഭസൂചനയുമാണ്. എല്ലാ കുട്ടികളും ഒരുപോലെ കൃഷിയിൽ തൽപരരാകണമെന്നില്ല. പക്ഷേ, വളരെ താൽപര്യം കാണിക്കുന്ന കുട്ടികളുണ്ടാകും. ചെറിയ ഒരു പിന്തുണ മാത്രം മതി അവർ കൃഷിയിലേക്ക് ആകർഷിക്കപ്പെടാനും അതിൽ വ്യാപൃതരാകാനും. പത്തോ പന്ത്രണ്ടോ വർഷത്തെ സ്കൂൾ ജീവിതത്തിനു ശേഷം പുറത്തിറങ്ങുമ്പോൾ സ്വന്തം കാലിൽ നിൽക്കാനുള്ള ധൈര്യം അവർക്കുണ്ടാക്കാൻ അതിലൂടെ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ചില സ്കൂളുകളിൽ കാർഷിക ഫോറങ്ങളും ഹരിത ക്ലബ്ബുകളും രൂപവൽക്കരിക്കപ്പെടുകയും കുട്ടികളെ കൃഷിയിലേക്ക് ആകർഷിക്കുന്ന തരത്തിലുള്ള പഠനപ്രവർത്തന ങ്ങൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.



# എന്റെ ഗുരുനാഥൻ



അഞ്ജന ഷാജി

ഇരുൾ  മാഞ്ഞു എന്നിലെ
ഇരുണ്ട യാമങ്ങളി-
ന്നകലേക്കു മറയുന്നിതാ..........

അറിവിന്റെ വേരുകൾ
നിറയിച്ച എന്നിൽ
നിറദീപമായിന്നു ഞാൻ.

തിരുനാളം തെളിയിച്ച
ഗുരുനാഥനു മുമ്പിൽ
പ്രണമിപ്പൂ തൊഴുകൈകളുമായ്

അകതാരിലർപ്പണം
പുഷ്പദളങ്ങളാൽ
കൈകൂപ്പി നിൽക്കുന്നു ഞാൻ

## പഴയകാല പദങ്ങൾ



മാത്യു സോമി

- ആയർ - ഇടയൻമാർ
- ചാലേ - നല്ലതുപോലെ
- ചെമ്മേ - വേണ്ടതുപോലെ
- കാഞ്ചി - അരഞ്ഞാൺ
- തിണ്ണം - നന്നായി
- അണിയം - മുന്നിൽ
- ആർദ്രം - നനഞ്ഞത്
- ധൂളി - നേരിയ
- നണ്ണുക - വിചാരിക്കുക
- വ്രണിതം - വ്രണങ്ങളുള്ള
- മൗലി - ശിരസ്സ്
- കരാളം - ഭയങ്കരം
- ദാർഢ്യം - ഉറപ്പ്
- പഥികൾ - വഴിയാത്ര
- ഭാസ്വത്ത് - ശോഭിക്കുന്ന
- ഹൃദയസ്പൃക്ക് - ഹൃദയത്തെ തൊടുന്ന
- സൂതികാലം - പ്രസവാലയം
- മൗഢ്യം - മൂഢത
- ജമ്പൽ - മല
- മാലിക്ക് - ദൈവം
- അച്ചുംബിതം - സ്പർശിക്കപ്പെടാത്ത
- അജൻ - ഈശ്വരൻ
- മാല് - ദുഃഖം
- കാസം - ചുമ



# കുസൃതി ചോദ്യങ്ങൾ



ആഷ്ണ ബേബി

1. ലോകത്തിലുള്ള എല്ലാ മനുഷ്യരും ഒരേ സമയം ചെയ്യുന്ന പ്രവൃത്തി?
2. ആർക്കും വേണ്ടാത്ത സുഖം?
3. ഏറ്റവും അപകടകാരിയായ ഗ്രഹം?
4. ഒരിക്കലും തണുപ്പില്ലാത്ത വെള്ളം?
5. ഹിറ്റലർ ചെറുപ്പത്തിൽ ആരായിരുന്നു?
6. എങ്ങനെയുള്ള ആളുകളാണ് സ്വർഗ്ഗത്തിൽ പോവുക?
7. ഡി.പി.ഈ.പി.യുടെ പൂർണ്ണരൂപം?
8. ഇന്ത്യൻ പുരുഷ ക്രിക്കറ്റ് ടീമിൽ കളിച്ച സ്ത്രീ?

ഉത്തരങ്ങൾ:

1. വളരുന്നു
2. അസുഖം
3. അത്യാഗ്രഹം
4. ചൂടുവെള്ളം
5. കുട്ടിയായിരുന്നു
6. മരിച്ച ആളുകൾ
7. ഡാൻസ് പാർട്ടി ഇടക്ക് പഠനം
8. രവിശാസ്ത്രി



# പായുന്ന യുഗവും തേങ്ങുന്ന ഹൃദയങ്ങളും



**സച്ചിൻ സജി**

സഞ്ചാരവസ്തുവാം ലോകം
ഓടുന്ന യുഗത്തിലിതെല്ലാം
മണ്ണിൻ നറുമണം പൊങ്ങുന്ന
പുതുമഴയെവിടെ??
കണ്ണഞ്ചിപ്പിക്കുന്ന ഗ്രാമ
വിസ്മയങ്ങളെവിടെ ??
എല്ലാം മായുന്ന ഇരുളിൽ
തപ്പിത്തടഞ്ഞ് ഒരിറ്റു
നറുമണം, അത് സ്പ്രേയുടെയോ........
അതോ തട്ടിക്കൂട്ടുവെള്ളങ്ങളുടെയോ??........
ഷോപ്പിങ്ങ് കോംപ്ലക്സുകളും
ഫാക്ടറികളും കെട്ടിപടുത്തവർ
സർക്കാർ ബിനാമികളോ??
അമ്മയെ ഭൂമിയേ മണ്ണിനെ
ടാറ്കൊണ്ടും റ്റൈൽസുകൊണ്ടും
മൂടപ്പെടുന്ന കാലമിത്
നെഞ്ചുപൊട്ടുമാറാകെ
അലറിക്കരയുന്ന അമ്മയാം
ഭൂമിദേവി ഒരു തലോടലിനായി
ഒരു സാന്ത്വനത്തിനായി കാത്തിരിക്കുന്നു.........



# സൗന്ദര്യ വർണ്ണന



അലോഷ്യസ് പി. എസ്

പൂവൻകോഴിയുടെ കൂവൽ കേട്ടാണ് ഞാൻ ഉറക്കമുണർന്നത്. പതുക്കെ കണ്ണുകൾ തിരുമ്മിക്കൊണ്ട് ജനൽ തുറന്ന് പുറത്തേക്ക് നോക്കി.നല്ല തണുത്ത കാറ്റ്. ഇരുട്ടുമാറി വെള്ളവീശി. കുറച്ചുകഴിഞ്ഞപ്പോൾ അന്തരീക്ഷം ഇളം ചുവപ്പു നിറം പോലെയായി. അപ്പോൾ പലതരം പക്ഷികളുടെ കലപില ശബ്ദം കേട്ടു. ഞാൻ പൂന്തോട്ടത്തിലേക്ക് നോക്കി. പലനിറത്തിലുള്ള പൂക്കൾ രാത്രിയിലെ ഉറക്കത്തിനുശേഷം കണ്ണുകൾ ചിമ്മിക്കൊണ്ട് എഴുന്നേറ്റ് വരുന്നു. തൊടിയിലെ പുൽമേടിൽ ചിലന്തികൾ വലകൂട്ടിയിരിക്കുന്നു. മഞ്ഞുകണങ്ങൾ വെള്ളിപ്പാത്രം പോലെ സൂര്യകിരണങ്ങളേറ്റ് തിളങ്ങുന്നുണ്ടായിരുന്നു. രത്നകിരീടം ചൂടിയ റാണിമാരായി പുല്ലുകൾ മഞ്ഞുതുള്ളികളാൽ ശോഭിക്കുന്നു. വിടർന്നു നിൽക്കുന്ന പൂക്കളിൽ മഞ്ഞുകണങ്ങൾ പറ്റിപ്പിടിച്ചിരിക്കുന്നതു കണ്ടാൽ അവ ആനന്ദ ബാഷ്പം തൂകി കുഞ്ഞുസൂര്യനെ കൈയിലേന്തി നിൽക്കുന്നതായി തോന്നും. അതിൽ നിന്ന് വരുന്ന രശ്മികളിൽ മഴവില്ലിന്റേതുപോലെ ഏഴു നിറങ്ങൾ ഉണ്ടായിരുന്നു.



# വിദുരജനനത്തിനു കാരണം



**ശങ്കർ സാജു**

മാണ്ഡവ്യമഹർഷി കാട്ടിൽ തപസനുഷ്ഠിക്കുകയായിരുന്ന അക്കാലത്ത് ഒരിക്കൽ ചില കള്ളന്മാർ രാജ്യകിങ്കരന്മാരെ ഭയന്ന് അവർ മോഷ്ടിച്ച മുതൽ മഹർഷി അറിയാതെ അദ്ദേഹത്തിന്റെ ആശ്രമത്തിൽ ഒളിപ്പിച്ചു. കള്ളന്മാരെ തേടിയെത്തിയ കിങ്കരന്മാർ കള്ളൻമാരെയും മാണ്ഡവ്യമുനിയെയും തൊണ്ടിസഹിതം പിടികൂടി ഭടൻമാരുടെ ചോദ്യങ്ങൾക്കൊന്നും ഉത്തരം നൽകാതിരുന്ന മഹർഷിയെയും കള്ളൻമാരെയും രാജസന്നിധിയിൽ ഹാജരാക്കി. തൊണ്ടിസഹിതം പിടിക്കപ്പെട്ട കള്ളൻമാരെയും മഹർഷിയെയും ശൂലത്തിൽ തറയ്ക്കുവാൻ രാജാവ് കൽപിച്ചു.

ശൂലത്തിൽ തറച്ച് നാളുകളായിട്ടും മാണ്ഡവ്യമുനി മാത്രം മരിച്ചില്ല. വിവരമറിഞ്ഞ് പരിഭ്രമിച്ച രാജാവ് മഹർഷിയെങ്ങാനും തന്നെ ശപിച്ചേക്കുമോ എന്ന് ഭയന്ന് നേരിട്ട് ചെന്ന് മാപ്പു ചോദിച്ച് മുനിയെ ശൂലത്തിൽ നിന്നും മോചിപ്പിച്ചു. മാണ്ഡവ്യമഹർഷി, ബാല്യത്തിൽ തുമ്പികളെ പിടിച്ച് അവയുടെ വാലിൽ കല്ലുകൾ കൊണ്ട് കുത്തി നോവിച്ചതിനുള്ള ശിക്ഷയായിട്ടാണത്രെ ശൂലത്തിൽ തറഞ്ഞ് കിടക്കാനുള്ള ശിക്ഷ യമധർമൻ കല്പിച്ചതെന്ന് മനസ്സിലാക്കിയ അദ്ദേഹം കോപിഷ്ഠനായി,” തിരിച്ചറിവില്ലാത്ത കുട്ടികൾ ചെയ്യുന്ന കുറ്റങ്ങൾ പാപമായി ഒരിക്കിലും കരുതുവാൻ പാടില്ലെന്നിരിക്കേ അർഹിക്കാത്ത കടുത്ത ശിക്ഷ എനിക്ക് വിധിച്ച നീ ഒരു ശൂദ്രസ്ത്രീയിൽ മനുഷ്യനായി ഭൂമിയിൽ ജനിക്കട്ടെ" എന്നു ശപിച്ചു. മാണ്ഡവ്യമുനിയുടെ ശാപത്താൽ മനുഷ്യജന്മമെടുത്ത യമദധർമ്മരാജാവാണ് അംബാലികയുടെ ശൂദ്രദാസിയിൽ വേദ്യാസനു പിറന്ന പുത്രൻ വിദുരൻ.

# നനഞ്ഞ മണ്ണിന്റെ ഗന്ധം



മരിയ തോമസ്

മമസോദരൻ കൂട്ടുകാരൻ
മഴയെത്തുവാൻ കാത്തിരിപ്പൂ
അവനെത്തെമ്പോൾ
ഹൃത്തിൻ വിണ്ണിൽ പ്രശാന്തമാം
കാർമേഘമിരുണ്ടു കൂടുന്നു
പിന്നെ വളർന്നത് ദുഃഖത്തിന്റെ
ഇരുട്ട് പകരുന്നു
ഇടയ്ക്കൊന്ന് കണ്ണ് ചിമ്മും
നന്മയുടെ വെളിച്ചം പകരുന്ന
ഇടിമിന്നലാകുന്നു
വാനിലെത്തുന്ന മാലാഖയെപ്പോലെ
അവൻ എത്തുന്നു അതെ നമ്മുടെ
സുഹൃത്ത് മഴ
ആദ്യമൊരു മുത്തു പൊഴിയുന്നതുപ്പോലെ
വെള്ളാരം കല്ലുപ്പോലെ
മിന്നി തിളങ്ങുന്ന മുത്തുകൾ
അപ്പോൾ തന്നെ മഴയുടെ സുഹൃത്ത്
കാറ്റെത്തിയിരിക്കും
പിന്നിട് രണ്ടു പേരും  തമ്മിലുള്ള
പൊരിഞ്ഞ യുദ്ധം
എൻ സുഹൃത്തുമാം മഴ നീ
മുത്തുകൾ പോലെ വർണ്ണം നിറക്കുന്നു.



# നാടൻ കലകൾ



ജോസ്‌വിൻ ജോൺ

| നാടൻ കലകൾ | | | |
|---|---|---|---|
| **അഭിനയ കലകൾ** | **വിനോദകലകൾ** | **വാദ്യമേളങ്ങൾ** | **മേളങ്ങൾ** |
| അർജ്ജുന നൃത്തം | ഓണത്തല്ല് | ചെണ്ട | തായമ്പക |
| ഏഴാമുത്തിക്കളി | കളരിപയറ്റ് | മദ്ദളം | പഞ്ചവാദ്യം |
| ഒപ്പന | കിളിത്തട്ടുകളി | തൊപ്പിമദ്ദളം | മദ്ദളക്കേളി |
| കഥകളി | കോലടിക്കളി | തിമില | പാണികൊട്ട് |
| കുറത്തിയാട്ടം | തലപ്പന്തുകളി | ഇടയ്ക്ക | കേളി |
| കൂടിയാട്ടം | പടയണി | പാണി | കുഴൽപയറ്റ് |
| കൂത്ത് | മാർഗംകളി | തുടി | സന്ധ്യാല |
| കൃഷ്ണനാട്ടം | വള്ളംകളി | നന്തുണി | |
| കെട്ടുകാഴ്ച | വേലംകളി | മിഴാവ് | |
| ഗദ്ദ | | കൊമ്പ് | |
| ചവിട്ടുനാടകം | | കുഴൽ | |
| തുള്ളൽ | | | |
| തെയ്യവും തിറയും | | | |
| പാഠകം | | | |
| പൊറാട്ടുകളി | | | |
| മുടിയേറ്റ് | | | |
| മോഹിനിയാട്ടം | | | |
| വേലൻതുള്ളൽ | | | |

## കഴുതകൾ



സന്ദീപ് സന്തോഷ്

ഒരിക്കൽ രണ്ടു പണ്ഡിതന്മാർ രാജാവിനെ മുഖം കാണിക്കാനെത്തി.ആ നാട്ടിലെ രാജാവിന് പണ്ഡിതന്മാരെ വലിയ കാര്യമായിരുന്നു.ഞാൻ ബുദ്ധിവർമൻ, ഇതെന്റെ സുഹ്രത്ത് കുർമബുദ്ധി.പണ്ഡിതന്മാർ സ്വയം പരിചയപ്പെടുത്തി. രാജാവ് അവർക്കുവേണ്ടി കൊട്ടാരത്തിൽ പ്രത്യേകസജ്ജീകരണങ്ങൾ ഒരുക്കി.പണ്ഡിതന്മർ എന്ന് അവകാശപ്പെട്ട രണ്ടുപേരുംഅസൂയാലുക്കളായിരുന്നു. അപരൻ നന്നാകുന്നതിൽ കണ്ണുകടി. രാജാവ് ബുദ്ധിവർമനെ തനിച്ച് കൊട്ടാരത്തിലേക്ക് വിളിപ്പിച്ചു. താങ്കൾ മഹാപണ്ഡിതൻ തന്നെ.നമുക്ക് ശരിക്കും ബോധ്യമായി. ചങ്ങാതിയെക്കുറിച്ച് എന്താണഭിപ്രായം? രാജാവിന്റെ ചോദ്യത്തിനുകാത്തിരുന്നിട്ടെന്നവണ്ണം ബുദ്ധിവർമൻ വാചാലനായി. ചങ്ങതിയെപ്പറ്റിയാണോ അറിയേണ്ടത്? അത് അയാളുടെ രൂപത്തിൽനിന്നുതന്നെ അറിയാമല്ലോ. ആളൊരു കഴുതയാ.പിന്നെ ഞാൻ കൂടെ ഉള്ളതുകൊണ്ട് രക്ഷപ്പെട്ടു പോകുന്നു. രാജാവ് പുഞ്ചിരിച്ചു. അദ്ദേഹം കർമബുദ്ധിയെ വിളിച്ച് ചോദ്യം ആവരിത്തിച്ചു. കൂട്ടുകാരനെക്കുറിച്ച് എന്താണഭിപ്രായം?

ഹ!ഹ!ഹ!, വെറും കഴുത. ഒരു വസ്തു അറിയില്ല. പിന്നെ ഞാനുള്ളതുകൊണ്ട് ആരും അയാളുടെ യഥാർത്ഥസ്ഥിതി അറിയുന്നില്ല. പരസ്പര ബഹുമാനമില്ലതെ അസൂയയും കുശുമ്പുമായി നടന്ന തങ്ങളെ രാജാവ് പരിഹസിച്ചതാണെന്ന് ഇരുവർക്കും മനസിലായി.

# കുറിഞ്ഞിപൂച്ച



**ജോസ്ന ജോസ്**

കുറിഞ്ഞിപൂച്ചെ....... കുഞ്ഞിപൂച്ചെ
ഉച്ചക്കെന്താ കൊച്ചുമയക്കം
തനിച്ചിങ്ങനെ കിടന്നാലോ
തള്ളപ്പട്ടി കടിക്കില്ലെ
കാച്ചിയപാൽ കുടിച്ചോളൂ
മച്ചിൻമേലെ കിടന്നോളൂ
അച്ഛനമ്മയും വന്നെങ്കിൽ
ഒപ്പം ചേർന്ന് നടന്നോളൂ..........





## വീണ്ടുമൊരു യാത്ര....

അഖിൽ ബിനോദ്

രണ്ടു ദിവസത്തെ അവധിക്ക് ശേഷം വീണ്ടും ഒരാഴ്ച നീണ്ടുകിടക്കുന്ന യാനം ആരംഭിച്ചു. ഓട്ടോ കിട്ടാത്തതിനാൽ നടന്നു ക്ഷീണിച്ച് നിൽക്കുന്ന എന്റെ മുന്നിലേക്ക് വെളിവില്ലാത്ത ഒരു കുടിയനെ പോലെ, പതിവിലും വിപരീതമായി സമയനിഷ്ഠ പാലിച്ച് ആ ബസ് വന്നിരിക്കുന്നു. ഓടിക്കേറി നിൽക്കുന്നതിനിടെ കണ്ടക്ടറിന്റെ ചീത്ത വേറെ.

'ഭാണ്ഡക്കെട്ടുമായി ഓരോന്ന് വന്നോളും.' ഭാഗ്യം എന്നെയും തുണയ്ക്കുമെന്ന് ജീവിതത്തിലാദ്യമായി തോന്നിയ നിമിഷം. അല്പം വിയർപ്പുമണത്തോടും ചെറിയ എണ്ണ മയത്തോടും കൂടിയ ഒരു സീറ്റ് എന്നെ മാടിവിളിക്കുന്നു. മാടി വിളിക്കുന്നതല്ലേ എന്നുവച്ച് നടുവ് കുനിച്ചതും ദേ വരുന്നു ഒരു വൃദ്ധ. അവരുടെ അപേക്ഷ എന്നിലെ ക്രൂരതയ്ക്ക് തടയണയിട്ടില്ല. തളർന്നു വീഴ്ന്ന ആ സ്ത്രീ എന്റെ കൈയിൽ മുറുക്കെ പിടിച്ചു കൊണ്ട് പറഞ്ഞു.

നീ എന്നെയല്ല തളർത്തിയത് നിന്നെ തന്നെയാണ്. ദയനീയ ഭാവത്തോടുകൂടിയ ആ മുഖം ഇന്ന് എന്റെ രൂപം പ്രാപിക്കുന്നു. അതെ, അതു ഞാൻ തന്നെയാകുന്നു.



# ഗ്രീറ്റിംഗ്സ്



ഫേബ ജോയി

ഉണ്ണിക്കുട്ടൻ തന്റെ അച്ഛന്റെ ജന്മദിനത്തിന് തലേന്ന് ഹാപ്പി ബർത്ത് ഡേ പപ്പാ എന്ന് എഴുതിയൊരു ഗ്രീറ്റിംഗ് കാർഡ് ഉണ്ടാക്കി. വിവിധ വർണങ്ങളും, പടങ്ങളും കൊണ്ട് മനോഹരമാക്കിയ ഗ്രീറ്റിംഗ് കാർഡ്. ഉണ്ണിക്കുട്ടൻ തലേന്ന് തന്നെ ഹാളിനു മുന്നിൽ ഒട്ടിച്ചുവെച്ചു. രാവിലെ അച്ഛൻ എഴുന്നേൽക്കുമ്പോൾ താൻ ഉണ്ടാക്കിയ ഗ്രീറ്റിംഗ് കാർഡ് കാണണം. പിറ്റേന്ന് രാവിലെ ഉണ്ണിക്കുട്ടൻ എഴുന്നേറ്റ് വന്നപ്പോഴേക്കും അച്ഛൻ പോയി കഴിഞ്ഞിരുന്നു. താൻ എഴുതിവച്ച കടലാസ് അച്ഛൻ കണ്ടുവോ?,

അവൻ മുത്തശ്ശിയോട് പരാതിപ്പെട്ടു. മുത്തശ്ശി അവനെ സമാധാനിപ്പിച്ചു.

"ഇല്ല നീ എഴുതിവച്ചതു അച്ഛൻ കണ്ടിട്ടുണ്ടാവില്ല. അച്ഛന് അതിനൊന്നും നേരമില്ല. മുതർന്നവർക്ക് എപ്പോഴും തിരക്കാണെന്ന് നിനക്കറിയാവുന്നതല്ലേ?”

അച്ഛന് എപ്പോഴും തിരക്കാണ്. രണ്ടു മൊബൈൽ ഫോണിൽ ഒരേ സമയം സംസാരിക്കുന്ന ആളാണ്. ജന്മദിനവും, മാതൃദിനവും, അധ്യാപക ദിനവും... ഒന്നും അറിയില്ല.

പിറ്റേന്ന് രാവിലെ ഉണ്ണിക്കുട്ടൻ നേരത്തേ എഴുന്നേറ്റു. താൻ കുറച്ചു സമയം പൂന്തോട്ടത്തിലേക്ക് ഇറങ്ങി. പൂക്കൾ വിടരുന്നതും, പൂക്കളിൽ വജ്രം പോലെ തിളങ്ങുന്ന മഞ്ഞുതുള്ളികളും, പൂമ്പാറ്റകളെയും, മധുരമായി പാട്ടുപാടുന്ന കിളികളെയും കണ്ടു. ഉദയസൂര്യൻ മാനത്ത് ഗ്രീറ്റിംഗ്സ് എഴുതിവയ്ക്കുന്നത് ഉണ്ണിക്കുട്ടൻ കണ്ടു. ഇന്നേവരെ തനിക്കു അതു കാണാൻ കഴിഞ്ഞിട്ടില്ല. "കഷ്ടമായി" അവൻ പറഞ്ഞു.

ഒന്നും കാണാതെ, ഒന്നും കേൾക്കാതെ ജീവിച്ചാൽ നമ്മൾ മുതിർന്നവരെപ്പോലെ ആയിത്തീരും ഉണ്ണിക്കുട്ടൻ ഉറപ്പിച്ചു.



# ഇലക്കൊട്ടാരം



അല്ല ജോസ്

മാവിൻ ഇലകൾ തമ്മിൽ തുന്നി
ചേലിലൊരുക്കിയ കൊട്ടാരം
കാറ്റത്തൊന്നും വീഴൂലാ........
മഴയത്തൊന്നും അലിയൂലാ........
ചൂടറിയില്ല....... തണുപ്പറിയില്ല..........
എന്തൊരു നല്ലൊരു കൊട്ടാരം
ചന്തമെഴുന്നൊരു കൊട്ടാരം
തീർത്തവരാരെന്നറിയാമോ?
പുളിയനുറുമ്പും കൂട്ട്യോളും.

# മന്ത്രിയുടെ ബുദ്ധി



ബിൽജിത് ബിജു

ചോലമലക്കാട്ടിലെ രാജാവായിരുന്ന നല്ലവനായ സുപ്രൻ സിംഹം. സുപ്രന്റെ മന്ത്രിയായിരുന്ന ജംബുകുറുക്കൻ. ഒരു ദിവസം സുപ്രന് അസുഖം വന്നു കിടപ്പിലായി. ഈ വിവരം അടുത്തകാട്ടിലെ രാജാവായ ഘോരൻ സിഹം അറിഞ്ഞു. സുപ്രന്റെ അസുഖം ഭേദമാകും മുൻപ് അവനെ ആക്രമിച്ച് തോൽപ്പിക്കണം. അങ്ങനെ എനിക്ക് ചോലമലക്കാട്ടിലേയും രാജാവാകാം എന്ന ഘോരൻ കരുതി. ഘോരന്റെ ആഗ്രഹം ജംബുക്കുറുക്കൻ എങ്ങനെയോ മണത്തറിഞ്ഞു. ഈ അവസ്ഥയിൽ സുപ്രന് ഘോരനെ തോൽപ്പിക്കാനാവില്ലെന്ന് ജംബുവിന് മനസ്സിലായി. ജംബു നേരേ തടിയനായ ഉല്ലൻ കടുവയുടെ അടുത്തെത്തി. അവൻ ഉല്ലനോട് എന്തോ രഹസ്യം പറഞ്ഞു. പിന്നീട് ഉല്ലന്റെ ദേഹം നിറയെ മഞ്ഞച്ചായം പൂശി, ചില മിനുക്കു പണികൾ നടത്തി. കൈയിൽ കുറെ പന്തുകളും കൊടുത്ത് ജംബുക്കുറുക്കൻ ഉല്ലനെ ഗുഹയ്ക്ക് മുന്നിലിരുത്തി. അൽപം കഴിഞ്ഞപ്പോൾ ഘോരൻ സിംഹം വന്ന് സുപ്രനെ യുദ്ധത്തിന് വിളിച്ചു. ഈ സമയം ജംബുക്കുറുക്കൻ വന്നു. സിംഹരാജാവ് അല്പം തിരക്കിലാണ്. ആദ്യം അങ്ങ് രാജാവിന്റെ മകനോട് യുദ്ധം ചെയ്ത് വിജയിക്കൂ. എന്നിട്ട് സിംഹ രാജാവിനോട് യുദ്ധം ചെയ്യാം. ജംബു വേഷം മാറിയിരിക്കുന്ന ഉല്ലനെ ചൂണ്ടിപ്പറഞ്ഞു. പെട്ടന്ന് ഉല്ലൻ എഴുന്നേറ്റുനിന്ന് ഒന്നലറി. തടിമാടനായ ഉല്ലനെ കണ്ടതും ഘോരൻ പേടിച്ചുപോയി.

# വേനൽ മഴ



ഷിജോ ജോയി

ഇന്നലെ പെയ്തൊഴിഞ്ഞു പോയാ
വേനൽ മഴയുടെ തേങ്ങൽ,
നിലക്കാത്ത നാദമെന്നന്തരംഗത്തിൽ
മുഴങ്ങുന്നതും ഞാനറിയുന്നിപ്പോഴും
താപശരങ്ങളേറ്റു തളർന്നു പോയാ
ധരണിക്ക് തലോടലായി വന്നു നീ.
നിന്നെയും കാത്തിരിക്കും ജീവ
ജന്തുക്കൾ തൻ ആശ്വാസമായി
എന്തേ നീ വരാഞ്ഞത്,
നിന്നെ കാണാൻ ഞാൻ കൊതിക്കുന്നു
ആദ്യമൊരു മുത്തു പൊഴിയുന്നതുപോലെ
എൻ മനസ്സിൽ നീ വന്നു നിറഞ്ഞു
എന്നിട്ടും വരാത്തതെന്തേ എൻ മാരീ
നീ എന്നിട്ടും വരാത്തതെന്തേ?



## റിപ്പബ്ലിക് ദിനം ( ജനുവരി 26 )

**സ്റ്റീഫൻ സിബി**

ഭാരതത്തിന്റെ ഏറ്റവും ഗംഭിരമായ ദേശിയ ആഘോഷങ്ങളിൽ ഒന്നാണ് റിപ്പബ്ലിക് ദിനംജനുവരി 26-ന് ന്യൂഡൽഹിയിലുമെല്ലാം സംസ്ഥാനതലസ്ഥാനങ്ങളിലും ഇതഘോഷിക്കുന്നു1950 ജനുവരി 26-നാണ് സ്വന്തമായൊരു ഭരണഘടനയുമായി ഭാരതം സ്വതന്ത്രറിപ്പബ്ലിക്കായിമാറിയത്. എല്ലാ റിപ്പബ്ലിക് ദിനത്തിലും രാഷ്ട്രത്തിന്റെഐക്യവും അഖണ്ഡതയുമായി മതനിരപേക്ഷതയുംജനാധിപത്യവും സംരക്ഷിക്കാൻ സ്വയം സമർപ്പിക്കുമെന്ന് പൗരന്മർ പ്രതിജ്ഞ ചെയ്യുന്നു.റിപ്പബ്ലക് ദിനത്തിലെമുഖ്യ ചടങ്ങുകൾ നടക്കുന്നത് രാഷ്ട്രഭവനുമുൻപിൽലാണ്. 3 സൈന്യങ്ങളും അർദ്ധസൈനികവിഭാഗങ്ങളും പോലീസും പങ്കെടുക്കുന്ന പ്രൗഢമായപരേഡ് അരങ്ങേറും. സർവ്വ സൈന്യാധിപനായ പ്രസിഡന്റ് അഭിവാദ്യം സ്വീകരിക്കും.

എൻ.സി.സി, സ്കൗട്ട്, ഗൈഡ് എന്നിവയിലെ കുട്ടികളും പരേഡിൽ പങ്കെടുക്കും. വിവിധ സംസ്ഥാനങ്ങളുടെ നിശ്ചലദൃശ്യങ്ങളുമുണ്ടാകും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള നൃത്തനൃത്യങ്ങൾ അരങ്ങേറും. സൈനികശക്തി വെളിവാക്കുന്നതിനുള്ള ഒരവസരം കൂടിയാണ് റിപ്പബ്ലിക് ദിന പരേഡ്. അതിനാൽ ഏറ്റവും പുതിയ സൈനികായുധങ്ങൾ വാഹനങ്ങളും ഇതിൽ പ്രദർശിപ്പിക്കും. ഓരോ റിപ്പബ്ലിക് ദിനത്തിലും ഏതെങ്കിലും ലോകനേതാക്കൾ മുഖ്യ അതിഥിയായിപിക്കും. ഇന്ത്യൻ ഭരണത്തലവന്റെ പ്രതിനിതിയെന്ന നിലയിൽ ഗവർണർമാരാണ് സംസ്ഥാനതലസ്ഥാനങ്ങളിൽ സല്യൂട്ട് സ്വീകരിക്കുക, ജനുവരി 29-ന് ന്യൂഡൽഹിയിൽ നടക്കുന്ന “ബീറ്റിങ് ദ റിട്രീറ്റ്” എന്ന പട്ടാള ബാൻഡ് വാദ്യത്തോടെയാണ് റിപ്പബ്ലിക് ദിന ആഘോഷങ്ങൾ സമാപിക്കുന്നത്. റിപ്പബ്ലിക് ദിന പരിപാടികളിൽ പങ്കെടുക്കുക എന്നത് ഓരോ പൗരനും അഭിമാനം നൽകുന്ന ഒന്നാണ്.

## മഹാത്മാക്കളുടെ മൊഴികളിലൂടെ



നിഖിൽ ബെന്നി

സ്നേഹിക്കുമ്പോൾ ദൈവം നിങ്ങളുടെ ഹൃദയത്തിലുണ്ടെന്ന പറയരുത് കാരണം സ്നേഹിക്കുമ്പോൾ നിങ്ങൾ ദൈവത്തിന്റെ ഹൃദയത്തിലാണ്

- (ഖലീൽ ജിബ്രാൻ)

പഴയ തത്വശാസ്ത്രത്തിന്റെ ഏറ്റവും സത്യമായ അവശിഷ്ടങ്ങളാണ് പഴഞ്ചൊല്ലുകൾ

- (അരിസ്റ്റോട്ടിൽ)

അറിവിനനുസരിച്ച് പറയുകയും വാസനകൾക്കനുസരിച്ച് ചിന്തിക്കുകയും ചെയ്യുമെങ്കിലും ആചാരങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നവനാണ് മനുഷ്യൻ

- (ഫ്രാൻസിസ് ബേക്കൺ)

എന്തിനെങ്കിലും വേണ്ടി മരിക്കാൻ തയ്യാറാകാത്ത മനുഷ്യൻ ജീവിക്കാൻ അർഹനല്ല

- (മർട്ടിൻ ലൂതർ കിംഗ് )

മനുഷ്യരാശി യുദ്ധത്തിന് അന്ത്യം കണ്ടെത്തണം അല്ലെങ്കിൽ യുദ്ധം മനുഷ്യരാശിയുടെ അന്ത്യം കണ്ടെത്തും

- (ജോൺ.എഫ്.കെന്നഡി)

സ്വന്തം വയസ്സൊഴികെ ഒഴികെ ഒരു രഹസ്യവും സ്ത്രീകൾ കാത്തുസൂക്ഷിക്കാറില്ല.

- (വോൾട്ടയർ)

# രാജസേവകൻ



സൂരജ് കെ. റെജി

നൂറ്റാണ്ടുകൾക്കുമുൻപെ തുർക്കിയിൽ ജീവിച്ചിരുന്നയാളാണ് മുല്ലാ നസറുദീൻ. അദ്ദേഹത്തിന് ബുദ്ധിസാമർത്ഥ്യവും നർമ്മബോധവും പ്രസിദ്ധമായിരുന്നു. ഫലിതം കേട്ട രസിക്കാൻ ആളുകൾ അദ്ദേഹത്തിന്റെ അടുത്തെത്തുമായിരുന്നു. മിക്കപ്പോഴും മുല്ലാ നസറുദ്ദീൻ രാജകൊട്ടാരത്തിലായിരുന്നു. രാജാവ് അദ്ദേഹത്തിന്റെ ഫലിതങ്ങൾ ഇഷ്ടപ്പെട്ടിരുന്നു. ഒരു ദിവസം രാജാവിന് വല്ലാത്ത വിശപ്പ്. പാചകക്കാരൻ ചോറും വഴുതനങ്ങാക്കറിയും ഉണ്ടാക്കി. നല്ല വിശപ്പുണ്ടയിരുന്നതുകൊണ്ട് രാജാവിനു ഭക്ഷണം ഇഷ്ടപ്പെട്ടു. "വഴുതനങ്ങാക്കറി എത്ര രുചിയുള്ളതാണ് " ! എല്ലാ ദിവസവും വഴുതനങ്ങാക്കറി മതി എന്ന് രാജാവ് പറഞ്ഞു. മുല്ല മറുപടി പറഞ്ഞു : അതെ വഴുതനങ്ങാക്കറി വളരെ രുചിയുള്ളതാണ്. ലോകത്തിലെ ഏറ്റവും നല്ല പച്ചക്കറി വഴുതനങ്ങായാണ്. അങ്ങനെ പാചകക്കാരൻ എന്നും വഴുതനങ്ങാ ഉണ്ടാക്കി. കുറേ കഴിഞ്ഞപ്പോൾ രാജാവ് മടുത്തു. കുറച്ച നാൾ കഴിഞ്ഞപ്പോൾ രാജാവു പറഞ്ഞു: ഇനി മേലിൽ വഴുതനങ്ങാ ഉണ്ടാക്കിപ്പോകരുത്. മുല്ല പറഞ്ഞു വഴുതനങ്ങാ ലോകത്തിലെ ഏറ്റവും നല്ല കറി. അവിടെ നിന്ന ഒരു ആൾ പറഞ്ഞു കഴിഞ്ഞ ദിവസമല്ലേ താൻ പറഞ്ഞതു വഴുതനങ്ങയാണു ലോകത്തിലേ ഏറ്റവും നല്ല കറിയെന്ന്. മുല്ല മറുപടി പറഞ്ഞു : നോക്കൂ എനിക്ക് വഴുതനങ്ങയെ എപ്പോഴും പുകഴ്ത്തേണ്ട ആവശ്യമൊന്നുമില്ല. പക്ഷേ എനിക്കെപ്പോഴും രാജാവു പറയുന്നത് ശരി വയ്ക്കണം. ഞാൻ രാജസേവകനാണ് .

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലൂടെ .........













പ്രൊജക്ടർ പരിശീലന ക്ലാസ് അധ്യാപകർക്കു നൽകുന്നു.






# സ്കൂൾതല ക്യാമ്പ്



സ്കൂൾ തല ക്യാമ്പിൽ മാസ്റ്റർ ട്രെയിനർ അനിൽ സാർ















ഡിജിറ്റൽ മാഗസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ
അവസാന ഘട്ടത്തിൽ



## ലിറ്റിൽ കൈറ്റ്സ് 2018-19



# കൃതജ്ഞതാ പൂർവ്വം ..........

**തെരേസ് സിബി**

സ്നേഹത്താലും, സന്തോഷത്താലും ഞങ്ങൾ പൂർത്തിയാക്കിയ 'കളിപ്പെട്ടിയിലെ അക്ഷരക്കൂട്ട് ' നിങ്ങളുടെ മുമ്പിൽ പ്രസിദ്ധീകരിക്കുമ്പോൾ വളരെയധികം സന്തുഷ്ടരാണ്. ഈ മാസികയുടെ സമ്പൂർണ്ണ വിജയത്തിനായി ഞങ്ങൾ ഓരോരുത്തരും ഒരേ മനസ്സോടെ ഒരു ലക്ഷ്യത്തിനായി ഒരുപോലെ പ്രവർത്തിച്ചു. ഓരോ രാവിനു ശേഷം ഓരോ പകലുകളുണ്ട്.... പ്രതീക്ഷയുടെ പകലുകൾ. ആ പകലുകൾ കാത്തിരിക്കുന്ന ഓരോ വിദ്യാർത്ഥികൾക്കുമായി ഞങ്ങളുടെ കൊച്ചു സൃഷ്ടികൾ സമർപ്പിക്കുന്നു. കളിപ്പെട്ടിയിലെ ഓരോ അക്ഷരങ്ങളായി ഞങ്ങളെ മാറ്റിയ ഞങ്ങുടെ പ്രിയപ്പെട്ട ലിസ്ബത്ത് സിസ്റ്ററിനെയും ജോളി ടീച്ചറിനെയും നന്ദിയോടെ ഓർക്കുന്നു. മാഗസീനുവേണ്ട പൂർണ്ണപിന്തുണ നൽകി ഞങ്ങളുടെയൊപ്പം നിഴൽപോലെ പ്രവർത്തിച്ച മറ്റ് അദ്ധ്യാപകരേയും സഹപാഠികളേയും സ്നേഹത്തോടെ സ്മരിക്കുന്നു. പാഠപുസ്തകത്തിൽ നിന്നും കിട്ടുന്ന അറിവുകൾക്കുമപ്പുറം ചിന്തിക്കാനും ആ ചിന്തയിലൂടെ വളരാനും നിങ്ങൾക്ക് സാധിക്കുമെന്ന വിശ്വാസത്തോടെ ഈ മാസിക സമർപ്പിക്കുന്നു.

സ്നേഹാശംസകളോടെ
സബ് എഡിറ്റർ
തെരേസ് സിബി.




ST. PAUL'S HIGH SCHOOL
MUTHOLAPURAM, PIN - 686 665, EDU. DIST. MUVATTUPUZHA, DIST. ERNAKULAM
PH: 0485 - 2258357

